# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടക്കൽ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM20/5/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോട്ടക്കൽ മുനിസിപ്പാലിറ്റി

സർ,

വിഷയം : കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ഡയറക്ടർ, നഗര കാര്യ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
3) റീജ്യണൽ ജോയിന്റ് ഡയരക്ടർ, കോഴിക്കോട് (ഉ.പ.സ),
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ),
5) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM20/5/2022 തീയ്യതി: 16/02/2022

## മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 16-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈമൺ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-12-2021 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-12-2021 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നാസർ കെ കെ | ചെയർമാൻ | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. മണികണ്ഠൻ ആർ | മുനിസിപ്പൽ സെക്രട്ടറി | 01-04-2019 | 31-10-2019 |
| ശ്രീമതി. ജൂബി കൃഷ്ണൻ ടി | സെക്രട്ടറി ഇൻ ചാർജ്ജ് | 01-11-2019 | 18-12-2019 |
| ശ്രീ. സുഗതകുമാർ എം | മുനിസിപ്പൽ സെക്രട്ടറി | 19-12-2019 | 31-03-2020 |
| ശ്രീമതി. വനജ ഇ എൻ | പ്രിൻസിപ്പാൾ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുജാത പി ആർ | ഹെഡ് മാസ്റ്റർ, ജി ആർ എച്ച് എസ് ,കോട്ടക്കൽ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു. ടി.എൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 17-03-2020 |
| ശ്രീമതി. ഹസീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 18-03-2020 | 31-03-2020 |
| ഡോ. ഖദീജ സി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. റീത പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 15-11-2019 |
| ഡോ. നസീമ മോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 16-11-2019 | 31-03-2020 |
| ശ്രീ.റഷീദുദ്ധീൻ എം | പ്രോജക്ട് ഓഫീസർ, യു പി എ സി | 01-04-2019 | 31-03-2020 |
| ശ്രീ. ഷാജിൽ കുമാർ | ഹെൽത്ത് ഇൻസ്പെക്ടർ, ഫസ്റ്റ് ഗ്രേഡ് | 01-04-2019 | 06-09-2019 |
| ശ്രീ. ഹംസ കെ കെ | ഹെൽത്ത് ഇൻസ്പെക്ടർ, ഫസ്റ്റ് ഗ്രേഡ് | 07-09-2019 | 31-03-2020 |
| ഡോ. ഹാരുൺ അബ്ദുൾ റഷീദ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 06-09-2019 |
| ഡോ. മുജീബ് റഹിമാൻ കെ പി | സീനിയർ വെറ്ററിനറി സർജൻ | 07-09-2019 | 31-03-2020 |
| ഡോ. സായിദ് ഫസൽ കെ പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺ കുമാർ കെ വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനി മോൾ. പി. ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mohammed Noushad A K (Auditor, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-11 |
| 12 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച 90,986 രൂപയുടെ നഷ്ടം<br>Written By: Mohammed Noushad A K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-12 |
| 13 | കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ/തരം മാറ്റാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-വസ്തുനികുതി നഷ്ടം സംഭവിക്കുന്നു.<br>Written By: Mohammed Noushad A K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-13 |
| 14 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 8890 രൂപ തിരിച്ചടവാക്കി<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-14 |
| 15 | GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് പ്രവൃത്തി - കരാറുകാരന് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-15 |
| 16 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-16 |
| 17 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-17 |

| | | |
|---|---|---|
| 18 | ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-18 |
| 19 | സെന്ററിങ് പ്രവൃത്തിക്ക് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 31-12-2021) | 1-19 |
| 20 | മുഴുവൻ വാടകയും ഈടാക്കിയില്ല<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-20 |
| 21 | വാടക ഈടാക്കിയില്ല-<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-21 |
| 22 | ലേലം ചെയ്ത റൂമുകളുടെ ഡെപ്പോസിറ്റ് തുക മുഴുവനും ഈടാക്കിയില്ല.<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-22 |
| 23 | പി.എം.എ.വൈ നഗര സഭാ വിഹിതം-അപാകതകൾ<br>Written By: Prasad (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-23 |
| 24 | KSEB – തുക അടവാക്കൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-24 |
| 25 | എസ്.എസ്.എ വിഹിതം നല്കി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Vineetha P P (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-25 |
| 26 | ബിൽ തുകയിൽ നിന്ന് GST കുറവ് ചെയ്തില്ല<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-26 |
| 27 | ഹോമിയോ ആശുപത്രി നവീകരണം - കരാറുകാരന് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-27 |
| 28 | ദേശിയ നഗര ഉപജീവന മിഷൻ (NULM)-അവലോകനം<br>Written By: Prasad (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-28 |
| 29 | GWD – തുക അടവാക്കൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-29 |
| 30 | കൺവീനർക്ക്അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 07-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-30 |
| 31 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ<br>Written By: ABDHU NAZER.P (Audit Officer, On 07-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-30-1 |
| 32 | പ്രൈമറി സ്കൂളുകൾ<br>Written By: ABDHU NAZER.P (Audit Officer, On 07-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-30-2 |
| 33 | കുടിവെള്ള പദ്ധതി<br>Written By: ABDHU NAZER.P (Audit Officer, On 07-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-30-3 |
| 34 | റോഡുകൾ<br>Written By: ABDHU NAZER.P (Audit Officer, On 07-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-30-4 |
| 35 | അക്രഡിറ്റഡ് ഏജൻസി വഴിയുള്ള മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-31 |
| 36 | മുൻകൂർ പണം നൽകി - ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-32 |
| 37 | പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Simon K (Senior Deputy Director, On 16-02-2022) | |
| 38 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-34 |
| 39 | ജെന്റർ റിസോഴ്സ് സെന്റർ അപാകത സംബന്ധിച്ച<br>Written By: Latha.O.V (Auditor, On 05-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-35 |
| 40 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Senior Grade Auditor, On 10-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ജെന്റർ റിസോഴ്സ് സെന്റർ മാർരേഖയ്ക്കു വിരുദ്ധമായി അധികം വേതനം നൽകി<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 3-1 |
| 2 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം - കൺവീനർക്ക് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 3-2 |
| 3 | ഹോമിയോ ആശുപത്രി നവീകരണം - കരാറുകാരന് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 3-3 |
| 4 | ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 3-4 |
| 5 | GMUP സ്കൂളിൽ ചുറ്റമതിൽ, ഇന്റർലോക്ക്, പെയിന്റിങ് പ്രവൃത്തി - അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 3-5 |
| 6 | രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം - സെന്ററിങ് പ്രവൃത്തിക്ക് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 3-6 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Vineetha P P (Auditor, On 26-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Vineetha P P (Auditor, On 26-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineetha P P (Auditor, On 27-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Vineetha P P (Auditor, On 27-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Vineetha P P (Auditor, On 27-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineetha P P (Auditor, On 27-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vineetha P P (Auditor, On 27-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 25.03.2019 ലെ തീരുമാനം നമ്പർ (1) | 30.03.2020 ലെ തീരുമാനം നമ്പർ (1) |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 30.07.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12,59,78,959.97 |
| വരവ് | 17,34,94,996 |
| ആകെ | 29,94,73,955.97 |
| ചെലവ് | 22,94,60,441 |
| നീക്കിയിരിപ്പ് | 7,00,13,514.97 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | OB | വരവ് | ആകെ | ചെലവ് | CB | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27427042 | 27427042 | 24903015 | 0 | 2524027 |
| വികസന ഫണ്ട് (SCP) | 0 | 5038000 | 5038000 | 2825976 | 0 | 2212024 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 | |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Un- Tied | 0 | 49253000 | 49253000 | 21635428 | 0 | 27617572 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 12892000 | 12892000 | 5447499 | 0 | 744501 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 8737000 | 8737000 | 5320284 | 0 | 3416716 |
| ബി ഫണ്ട് | 0 | 27994360 | 27994360 | 27994360 | 0 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | യത് (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 378 | 498209832 | 146 | 108206780 | 25 | 207 | 38.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4787956 | 105186 | 4893142 | 474166 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 3498807 | |
| ആകെ | 4787956 | 105186 | 4893142 | 3972973 | 920169 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 20160 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 588000 | 111 |
| വിധവാ പെൻഷൻ | 8756400 | 1556 |
| വാർദ്ധക്യകാല പെൻഷൻ | 15245100 | 2786 |
| വികലാഗ പെൻഷൻ | 2983900 | 515 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 190800 | 33 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 ന് 11:30 Am സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 1,24,761/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പ വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2015 | 2013-14 മുതൽ 2014-15 വരെ | 01.07.2015 |
| എ.ജി. ഓഡിറ്റ് | 02.08.2018 | 2014-15 മുതൽ 2017-18 വരെ | 14.09.2018 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ സൂചിപ്പിച്ച അപാകതകൾ കാണുന്നു.

1. 'TPA OLD' എന്ന അക്കൌണ്ടിൽ ഇടപാടുകൾ നടക്കുന്നില്ല. 67,424 /- രൂപ വിനിയോഗിക്കാതെ കിടക്കുന്നു. (2020 മാർച്ച് 31 വരെ പാസ് ബുക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്) അക്കൌണ്ട് ക്ലോസ് ചെയ്ത് തുക ക്രമീകരിക്കേണ്ടതാണ്.

2. എസ് ബി ടി (Old Age Pension- 51022074725) എന്ന അക്കൌണ്ടിൽ ഇടപാടുകൾ നടക്കുന്നില്ല. 50,094/- രൂപ വിനിയോഗിക്കാതെ കിടക്കുന്നു. (2014 നവംബർ 30വരെ പാസ് ബുക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്) അക്കൌണ്ട് ക്ലോസ് ചെയ്ത് തുക ക്രമീകരിക്കേണ്ടതാണ്.

3. ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. താഴെപ്പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

Contractor's Earnest Money Deposit Register, Supplier's Earnest Money Register,Contractor's Retention Money Register, Election Deposit Register. രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ എന്നിവ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ സംക്ഷിപ്തം എഴുതി ഓഡിറ്റിന് ഹാജരാക്കിയില്ല.
6.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച 90,986 രൂപയുടെ നഷ്ടം

നഗരസഭയുടെ 25.05.2011 ലെ R1/3852/2011 നമ്പർ വസ്തുനികുതി വിജ്ഞാപനം പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയും, 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 70 രൂപയുമാണ് നികുതി നിരക്ക്.

നഗരസഭയിൽ, വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ കെട്ടിടങ്ങൾക്ക് 100ച.മീ.ന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി നമ്പർ അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് സഞ്ചയയിൽ കെട്ടിടത്തെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി അവയുടെ നികുതി നിരക്കായ, ച.മീറ്ററിന് 70 രൂപ നിരക്കിലുള്ള നികുതി തന്നെയാണ് നിർണ്ണയിച്ച് ഈടാക്കി വരുന്നത്.

എന്നാൽ നഗരസഭ ലഭ്യമാക്കിയ സഞ്ചയയിൽ നിന്നുള്ള, 2019-20ൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ കെട്ടിടങ്ങളെ, ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിനുമായുള്ള കെട്ടിടങ്ങളായിരുന്നിട്ട് പോലും, വ്യത്യസ്ത മുറികളായി തരം തിരിച്ച് നമ്പർ നൽകിയപ്പോൾ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കുകയാണ് ചെയ്തത്. കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരത്തിൽ ഉൾപ്പെടുത്തി ച. മീറ്ററിന് 70/- രൂപ എന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. അപാകത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.
നഗരസഭയിലെ എല്ലാ വാർഡുകളും ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയത് എന്നതിനാൽ എല്ലാ കെട്ടിടങ്ങൾക്കും പൊതുവായി 10% നികുതിയിളവ് അനുവദിക്കുന്നുണ്ട്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, നികുതി നിർണ്ണയിച്ച തിയതി | കെട്ടിട നമ്പർ/വിസ്തീർണ്ണം (ച.മീറ്ററിൽ) | നിർണ്ണയിച്ച നികുതി | | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | | കുറവ് വന്ന നികുതി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | നികുതി | LC | Ser. Char. | നികുതി | LC | Ser. Char. | നികുതി | LC | Ser. Char. |
| 1 | അടാട്ടിൽ അലവി 04-12-19 | 1/738 A, B. 71.11x2 | 2276x2= 4552 | 114x2= 228 | 46x2= 92 | 3982x2=7964/- (71.1x70)-10%- 10%=3982 (മേൽക്കൂര) | 199x2= 398 | 80x2= 160 | 1706x2= 3412 | 85x2= 170 | 34x2= 68 |
| 2 | മുഹമ്മദ് കുട്ടി. 26.11.2019 | 1/947 A To D 34.78x4 | 1253x4= 5012 | 63x4 =252 | 26x4= 104 | 2192x4=8768/- (34.78x70)-10%=2192 | 110x4= 440 | 44x4=176 | 939x4= 3756 | 47x4= 188 | 18x4= 72 |
| 3 | മൊയ്തീൻ കുട്ടി. 28.05.2019 | 3/140 A,B,D 63.11x3=189.33 | 2777x3= 8331 | 139x3= 417 | 56x3 =168 | 4860x3=14580/- (63.11x70)-10%+20% വഴി വർദ്ധന=4860 | 243x3= 729 | 97x3=291 | 2083x3= 6249 | 104x3 =312 | 41x3= 123 |
| | | 3/140 C 72.885 | 3047 | 153 | 61 | 5612/- (72.88x70) -10%+20% വഴി വർദ്ധന = 5612/- | 281 | 112 | 2565 | 128 | 51 |
| 4 | നിശാബുദ്ധീൻ 11.11.2019 | 4/645 A 28.93 | 1273 | 64 | 26 | 2228/- (28.93x70 -10%+20% വഴി.. =2228) | 111 | 45 | 955 | 48 | 19 |
| | | 4/645 B 35.05 | 1543 | 78 | 31 | 2699/- (35.05x70- 10%+20% വഴി=2699) | 135 | 54 | 1156 | 58 | 23 |
| | | 4/645 C 65.44 | 2880 | 144 | 58 | 5039/-(65.44x70- | 252 | 101 | 2159 | 108 | 43 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 10%+20%വഴി=5039) | | | | | |
| | | 4/645 D 91.21 | 4014 | 201 | 81 | 7024/-((91.21x70-10%+20% വഴി=7024) | 351 | 140 | 3010 | 151 | 59 |
| | | 4/645 E 45.92 | 2021 | 102 | 41 | 3536/-(45.92x70-10%+20% വഴി=3536) | 177 | 71 | 1515 | 76 | 30 |
| | | 4/645 F 40.21 | 1682 | 85 | 34 | 2943/-(40.21x70-10%+20% വഴി)-5% ഒന്നാം നില=2943) | 147 | 59 | 1261 | 63 | 25 |
| | | 4/645 G 48.57 | 2032 | 102 | 41 | 3553/-(48.57x70-10%+20%വഴി)-5% ഒ.നില=3553) | 178 | 71 | 1521 | 76 | 30 |
| | | 4/645 H 90.56 | 3786 | 190 | 76 | 6626/-((90.56x70 -10%+20%വഴി)-5% ഒ.നില=6626) | 331 | 133 | 2840 | 142 | 57 |
| | | 4/645 J 33.61 | 1406 | 71 | 29 | 2459/-((33.61x70-10%+20%വഴി)-5% ഒ.നില=2459) | 123 | 49 | 1053 | 53 | 20 |
| | | 4/645 K 51.28 | 2145 | 108 | 43 | 3752/-((51.28x70-10%+20%വഴി)-5% ഒ.നില=3752) | 188 | 75 | 1607 | 80 | 32 |
| | | 4/645 L 48.72 | 2037 | 102 | 41 | 3564/-((48.72x70-10%+20%വഴി)-5% ഒ.നില=3564) | 178 | 71 | 1527 | 76 | 30 |
| | | 4/645 M 44.56 | 1765 | 89 | 36 | 3088/-((44.56x70-10%+20%വഴി)-10% ര.നില=3088) | 154 | 62 | 1323 | 66 | 26 |
| | | 4/645 N 41.29 | 1636 | 82 | 33 | 2862/-((41.29x70-10%+20%വഴി)-10% ര.നില)=2862 | 143 | 57 | 1226 | 61 | 24 |
| | | 4/645 P 51.01 | 2021 | 102 | 41 | 3535/- (51.01x70-10%+20%വഴി)-10% ര. നില=3535) | 177 | 71 | 1514 | 76 | 30 |
| | | 4/645 Q 95.33 | 3776 | 189 | 76 | 6607/- (95.33x70-10%+20%വഴി)-10% ര.നില=6607) | 330 | 132 | 2831 | 142 | 56 |
| | | 4/645 R 98.63 | 3906 | 196 | 79 | 6835/-((98.63x70-10%+20%വഴി)-10% ര.നില=6835) | 342 | 137 | 2929 | 146 | 58 |
| | | 4/645 S 66.52 | 2635 | 132 | 53 | 4610/- (66.52x70-10%+20%വഴി)-10% ര.നില=4610) | 231 | 92 | 1975 | 99 | 39 |
| | | 4/645 T 56.4 | 2234 | 112 | 45 | 3909/- ((56.4x70-10%+20%വഴി)-10%=3909) | 195 | 78 | 1675 | 84 | 33 |
| 5 | മുഹമ്മദ് റഫീഖ് 11.04.2019 | 4/646 D , E, H, J 23x4 | 1012x4=4048 | 51x4=204 | 21x4=84 | 1771x4=7084/- (23x70-10%+20%വഴി =1771) | 89x4=356 | 35x4=140 | 759x4=3036 | 38x4=152 | 14x4=56 |
| | | 4/646 F 4.5 | 198 | 10 | 4 | 347/-(4.5x70-10%+20%വഴി=347/-) | 17 | 7 | 149 | 7 | 3 |
| | | 4/646 G, G1 25.2x2 | 1109x2=2218 | 56x2=112 | 23x2=46 | 1940x2=3880/-(25.2x70-10%+20%വഴി=1940/-) | 97x2=194 | 39x2=78 | 831x2=1662 | 42x2=82 | 16x2=32 |
| 6 | മുഹമ്മദ് ഷാഫി | 4/17 B 11.2 | 448 | 23 | 9 | 784/-(11.2x70-10%+20%വഴി-10% | 39 | 16 | 336 | 17 | 7 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | മേൽക്കൂര=784) | | | | | |
| | | 4/17 C 11.06 | 443 | 23 | 9 | 774/- (11.06x70-10%+20%വഴി-10% മേൽക്കൂര=774) | 39 | 15 | 331 | 17 | 6 |
| | 30.05.2019 | 4/17 D 97.02 | 3881 | 195 | 78 | 6791/-(97.02x70-10%+20%വഴി-10% മേൽക്കൂര=6791/-) | 340 | 136 | 2910 | 145 | 58 |
| | | 4/17 E, F 11.36x2 | 455x2 =910 | 23x2= 46 | 10x2= 20 | 795x2=1590/-(11.36x70-10%+20%വഴി-10% മേൽക്കൂര=795) | 40x2= 80 | 16x2=32 | 340x2= 680 | 17x2= 34 | 12x2= 24 |
| 7 | അബ്ദുറഹ്മാൻ മാടതൊടി 19.08.2019 | 4/2059 A 28.55 | 1257 | 63 | 26 | 2199/- (28.55x70-10%+20% വഴി=2199) | 110 | 44 | 942 | 47 | 18 |
| | | 4/2059 B 59.75 | 2629 | 132 | 53 | 4601/- (59.75x70-10%+20% വഴി=4601) | 230 | 92 | 1972 | 99 | 39 |
| | | 4/2059 C 88.3 | 3692 | 185 | 74 | 6799/- (88.3x70-10%+20% വഴി=6799) | 340 | 136 | 3107 | 155 | 62 |
| 8 | ബഷീർ വളപ്പിൽ, 27.08.2019 | 4/947A To G 27.75x7 | 1221x7= 8547 | 62x7= 434 | 25x7= 175 | 2137x7=14959/- (27.75x70-10%+20% വഴി=2137) | 107x7= 749 | 43x7=301 | 916x7= 6412 | 46x7= 315 | 18x7= 126 |
| 9 | കുഞ്ഞി മൊയ്തീൻ 10.05.2019 | 32/486 M 48.47 | 2133 | 107 | 43 | 4242/-(48.47x70-10%+20%വഴി+15% തറ നിർമ്മിതി=4242) | 212 | 85 | 2109 | 105 | 42 |
| | | 32/486 N 167.96 | 12933 | 647 | 259 | 14697/-(167.96x70-10%+20%വഴി+15% തറ നിർമ്മിതി=14697) | 735 | 294 | 1764 | 88 | 35 |
| | | 32/486 P 23.52 | 1035 | 52 | 21 | 2058/-(23.51x70-10%+20%വഴി+15% തറ നിർമ്മിതി=2058) | 102 | 41 | 1023 | 51 | 20 |
| | | 32/486 Q 51.13 | 2138 | 107 | 43 | 4474/-(51.13x70-10%+20%വഴി+15% തറ നിർമ്മിതി= 4474) | 224 | 89 | 2336 | 117 | 46 |
| | | 32/486 R 51.51 | 2154 | 108 | 44 | 4508/-(51.51x70-10%+20%വഴി+15% തറ നിർമ്മിതി= 4508) | 225 | 90 | 2354 | 118 | 46 |
| | | 32/486 S 65.54 | 2740 | 137 | 55 | 5735/-(65.54x70-10%+20%വഴി+15% തറ നിർമ്മിതി= 5735) | 287 | 115 | 2995 | 150 | 60 |
| | | 32/486 T 63.27 | 2645 | 133 | 53 | 5537/-(63.27x70-10%+20%വഴി+15% തറ നിർമ്മിതി= 5537) | 277 | 111 | 2892 | 144 | 58 |
| | ആകെ | | | | | | | | 85069 | 4246 | 1686 |

2019-20ൽ ആകെ 90986/- രൂപ (85069+4230+1686) നഷ്ടം സംഭവിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും മേൽ നഷ്ടം ആവർത്തിക്കുന്നതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.12/19-20/27.12.2020ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ ചതുരശ്ര മീറ്ററിന് 70 രൂപയായി സഞ്ചയയിൽ പുതുക്കി നിർണ്ണയിച്ചതായും ആയത് പ്രകാരം കുടിശ്ശികയായിട്ടുള്ള തുകകൾ 2021 ഡിസംബർ 31നകം അടവാക്കുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയതായും അടവാക്കുന്ന മുറക്ക് രേഖകൾ സഹിതം വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു.

മുൻവർഷങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലും ഇത്തരത്തിൽ കുറവായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. സഞ്ചയിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ വിശദമായി പരിശോധിച്ച് ഇത്തരം അപാകത നില നിൽക്കുന്ന കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ കൂടി പുതുക്കി നിർണ്ണയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നികുതികൾ കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ/തരം മാറ്റാതെ ഡി&ഒ ലൈസൻസ്

## അനുവദിച്ച-വസ്തുനികുതി നഷ്ടം സംഭവിക്കുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ ചേർത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ, കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യം അല്ല എന്നും ആശുപത്രി ആണെന്നും കണ്ടു. അതായത്, ആശുപത്രി എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടങ്ങളെ സംബന്ധിച്ച് വേണ്ടത്ര പരിശോധന നടത്താതെയും, നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയുമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് ചട്ടലംഘനമാണ്. മാത്രമല്ല ഇതുമൂലം വസ്തുനികുതി ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തുകയിലും കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട കെട്ടിട നമ്പർ, ഈടാക്കിയ ഫീസ് | ലൈസൻസ് അനുവദിക്കപ്പെട്ട വ്യക്തി/ഉദ്ദേശം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റ തരം, വിസ്തീർണ്ണം | കുറിപ്പ്/അപാകത |
|---|---|---|---|---|---|
| 1 | ലഭ്യമാക്കിയിട്ടില്ല | 1/410, Rs. 500/- 118010-126423/ 23.03.19 | ഡോ. പി അഹമ്മദ് കബീർ, അൽമാസ് ഫുഡ് കോർണ്ണർ- കാന്റീന് | ആശുപത്രി കെട്ടിടം, 700ച.മീ. | ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് നമ്പറോ ക്രമ നമ്പറോ ചേർക്കുകയോ ലൈസൻസ് ഇഷ്യൂ ചെയ്യുകയോ ചെയ്തിട്ടില്ല. വ്യക്തികൾ ലൈസൻസ് പ്രിന്റ് ആവശ്യപ്പെടുന്ന മുറക്ക് ലൈസൻസ് നമ്പർ ചേർത്ത് അനുവദിക്കുകയാണ് പതിവ് എന്നാണ് അറിയിച്ചത്. |
| 2 | ലഭ്യമാക്കിയിട്ടില്ല | 1/406, Rs. 800/- 119010-103569/ 20.06.19 | മുഹമ്മദ് റാഷിദ്, അൽമാസ് സ്റ്റോർ & സ്റ്റേഷനറി | ആശുപത്രി കെട്ടിടം, 640ച.മീ. | |

2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 14/2019-21/27.12.2021 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അപേക്ഷകളിന്മേൽ കെട്ടിട വിവരങ്ങൾ പരിശോധിച്ച ശേഷമാണ് ലൈസൻസ് അനുവദിക്കാറുള്ളതെന്നും മേൽ ലൈസൻസുകളുടെ കാര്യത്തിൽ സെക്ഷനുകൾക്ക് വീഴ്ച സംഭവിച്ചതാണെന്നും കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി ഉപയോഗ ക്രമം മാറ്റം വരുത്തി നഷ്ടം ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. രജിസ്റ്ററിൽ ലൈസൻസ് നമ്പറോ ക്രമ നമ്പറോ ചേർക്കാത്തതും ലൈസൻസ് യഥാസമയം അപേക്ഷകന് നൽകാത്തതും ശരിയായ നടപടിയല്ല. അപാകത പരിഹരിക്കേണ്ടതും തുടർനടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 8890 രൂപ തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രി നവീകരണം (190/20) എന്ന പദ്ധതിയുടെ ഭാഗമായി മേൽക്കൂരയിൽ ഷീറ്റ് മേയുന്നതിന് വേണ്ടി സ്റ്റീൽ വർക്ക് ചെയ്തതിന് യഥാക്രമം അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1, DSR 10.25.2 ,പ്രകാരമുള്ള നിരക്കുകളാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 2/19-20/22.12.2021നൽകിയതിനെ തുടർന്ന് അധികം നൽകിയ 8890 രൂപ ചുവടെ കാണിച്ച രസീതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികം നൽകിയ തുക | രസീത് നമ്പർ |
|---|---|---|
| ഹോമിയോ ആശുപത്രി നവീകരണം (190/20)<br>കരാറുകാരൻ ശ്രീ. സിറാജുദ്ധീൻ.പി.പി<br>കരാർ 31/21.12.2019<br>അളവ് പുസ്തകം 31/19-20<br>ബിൽ 19151747001401186951/31.1.20 തുക 100000 | 8890 | 121010111316/30.12.2021 |

| | | |
|---|---|---|
| ചെക്ക് 307756/24.2.2020 തുക 99868<br>കോസ്റ്റ് ഇൻഡക്സ് 31.06% | | |

## 1-15 GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് പ്രവൃത്തി - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് (305/20) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1. RR മേസനറി - അധിക നിരക്ക് നൽകി

ഈ പ്രവൃത്തിയുടെ ഇനം 3 ആയി ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി RR മേസനറി ചെയ്തതിന് DSR7.1.1 പ്രകാരമുള്ള 5088.14/$m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്കിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണം പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. സെന്ററിങ് പ്രവൃത്തിക്ക് തെറ്റായ ഡാറ്റ പ്രകാരം തുക നൽകി

ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 1 ആയി കോൺക്രീറ്റ് ചുറ്റുമതിലിന്റെ ഫൂട്ടിങ്ങിനായി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ചുറ്റുമതിലിന്റെ നീളത്തിൽ കേവലം 0.30cm ഉയരത്തിൽ ഫൂട്ടിങ് പ്രവൃത്തി ചെയ്യുന്നതിന് ഫൗണ്ടേഷൻ, ഫൂട്ടിങ് പ്രവൃത്തികൾക്ക് ബാധകമായ DSR 4.3.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണം പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. ഈ പ്രവൃത്തിയുടെ ഇനം എക്സ്ട്ര3 ആയി നിലവിലുള്ള ചുറ്റുമതിൽ പൊളിച്ച് നീക്കുന്നതിന് DSR 15.9.2 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ഇവിടെ പൊളിച്ച് നീക്കിയത് ഡ്രൈ റബ്ൾ മേസനറി ആണെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരിങ്കല്ലിന്റെ പടവ് (Demolishing Dry Rubble Masonary) പൊളിച്ച് നീക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉള്ള ഡാറ്റ 60.7.3 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. DSR 15.9.2 പ്രകാരമുള്ള നിരക്ക് സ്റ്റോൺ റബ്ൾ മെസനറി പൊളിച്ച് നീക്കുന്നതിനുള്ള നിരക്കാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണം പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം/അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് (305/20)<br>കൺവീനർ .ശ്രീ. ഉമ്മർകുട്ടി (ഹെഡ് മാസ്റ്റർ)<br>കരാർ 69/19.2.2018<br>അളവ് പുസ്തകം 69/17-18 തീയ്യതി 19.2.2018<br>ചെക്ക് 2829673/31.3.2020 തുക 459020<br>കോസ്റ്റ് ഇൻഡക്സ് 37.25% | 1.ഫൂട്ടിങ്. സെന്ററിങ്<br>20.763$m^2$ | 10302<br>@496.19/$m^2$<br>(DSR 4.3.2) | 5167<br>@248.84/$m^2$<br>(DSR 4.3.1) | 5135 |
| | എക്സ്ട്ര3. ഡിമോളിഷിങ് സ്റ്റോൺ റബ്ൾ മേസനറി<br>15.160$m^3$ | 19982<br>@1318.070$m^3$<br>(DSR 15.9.2) | 5820<br>@383.87/$m^3$<br>(കോഡ് 60.7.3) | 14162 |
| | 3.RR മേസനറി<br>52.219 $M^3$ | 265698<br>@5088.14/$m^3$<br>(DSR 7.1.1) | 259539<br>@4970.21/$m^3$ | 6159 |
| ആകെ | | | | 25456 |

ഓഡിറ്റ് എൻക്വയറി 21 /19-20/30.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ/ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-16 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 278പദ്ധതികൾ

തയ്യാറാക്കിയതിൽ 109 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ മുഴുവൻ പദ്ധതികളും ഈ വർഷം നടപ്പിലാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 278 | ആകെ അടങ്കൽ | 119245779 |
| ചെലവ് വന്നത് | 109 | ചെലവ് | 40469730 |
| ശതമാനം | 39.20% | ചെലവ് ശതമാനം | 33.94% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ തൻ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .
2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും നഗരസഭയുടെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെക്ക് നമ്പർ/ബിൽ നമ്പർ തുടങ്ങിയ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തി | ഫണ്ട് | തുക |
|---|---|---|---|
| 1 | ഫാറൂഖ് നഗർ ഖാഇദെ മില്ലത്ത് റോഡ് കോൺക്രീറ്റ് വാർഡ് 24 (51/20) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 178043 |
| 2 | തെനു മുസ്ല്യാർ മസ്ജിദ് കാവിന്റെ ഇടവഴി | ,, | 393580 |

| | | | |
|---|---|---|---|
| | സൈഡ് കോൺക്രീറ്റ്, റീ ടാറിങ് . വാർഡ് 15 (185/20) | | |
| 3 | GMUP സ്കൂൾ ഒന്നാം നിലയുടെ പൂർത്തീകരണം (271/20) | ,, | 1192534 |
| 4 | ചെള്ളി വളപ്പിൽ റോഡ് കോൺക്രീറ്റ് വാർഡ് 15 (274/20) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 200000 |
| 5 | കറേക്കാട് ഇടവഴി പുനരുദ്ധാരണ കോൺക്രീറ്റ് വാർഡ് 7 (276/20) | ,, | 136546 |
| 6 | മുക്കാട്ട് പള്ള്യാൽ റോഡ് കോൺക്രീറ്റ് വാർഡ് 20 (277/20) | ,, | 371000 |
| 7 | കാവതിക്കളം സബ്സെന്റർ പുനരുദ്ധാരണം വാർഡ് 8 (285/20) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 310000 |
| 8 | അംഗൻവാടികളുടെ കുഴൽ കിണർ നിർമ്മാണം (286/20) | ,, | 387025 |
| 9 | സ്വാഗതമാണ് കോട്ടക്കളം പാത്‌വെ കോൺക്രീറ്റ് വാർഡ് 28 (287/20) | ,, | 370172 |
| 10 | നീലഗിരി പുലിക്കോട് റോഡ് കോൺക്രീറ്റ് വാർഡ് 29 (291/20) | ,, | 286150 |
| 11 | വലിയപറമ്പ് വട്ടപ്പാറ റോഡ് റീ ടാറിങ് വാർഡ് 11,13 (295/20) | ,, | 777865 |
| 12 | പാലപ്പാറ മേലേതിൽ പാത്‌വെ കോൺക്രീറ്റ് (301/20) | തനത് ഫണ്ട് | 245563 |
| 13 | ആലിക്കൽ സർഹിന്ദ് നഗർ പൈപ്പ്ലൈൻ റിപ്പയർ (303/20) | ,, | 36962 |
| 14 | കല്ലിടുമ്പിൽ പാത്‌വെ കോൺക്രീറ്റ് വാർഡ് 17 (318/20) | ,, | 195000 |
| 15 | മേലേതിൽ പാത്‌വെ കോൺക്രീറ്റ് വാർഡ് 2 (321/20) | ,, | 128390 |
| 16 | കൈപള്ളിക്കുണ്ട് റോഡ് സൈഡ് കോൺക്രീറ്റ് വാർഡ് 3(322/20) | ,, | 150000 |
| 17 | കിഴക്കേതിൽ ഇബ്രാഹിം കുട്ടി സ്മാരക റോഡ് കോൺക്രീറ്റ് വാർഡ് 15 (325/20) | ,, | 196529 |
| 18 | നജ്മുൽഹുദാ റോഡ് ടാറിങ് വാർഡ് 10 (329/20) | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 390000 |
| 19 | കാട് റോഡ് റീ ടാറിങ് വാർഡ് 31 (331/20) | ,, | 142000 |
| 20 | നെല്ലിക്കാപറമ്പ് റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കൽ വാർഡ് 3 (351/20) | ,, | 150000 |
| 21 | കല്ലറമ്പ് മാത്തില് റോഡ് സൈഡ് പുനരുദ്ധാരണം രണ്ടാംഘട്ടം വാർഡ് 15 (332/20) | ,, | 449996 |
| 22 | കഞ്ചാളത്ത് പാത്‌വെ കോൺക്രീറ്റ് വാർഡ് 9 (363/20) | ,, | 119760 |
| 23 | സബസെന്റർ വെളുത്തേങ്ങാടൻ പാത്‌വെ പുനരുദ്ധാരണ കോൺക്രീറ്റ് വാർഡ് 32 (376/20) | ,, | 250000 |
| 24 | പാലത്തറ പുലിക്കോട് ജുമാമസ്ജിദ് റോഡ് റീ ടാറിങ്ങും സൈഡ് കോൺക്രീറ്റ് വാർഡ് 28 (380 /20) | ,, | 816097 |
| 25 | സ്വാഗതമാട് കോട്ടക്കളം Hms റോഡ് റീ ടാറിങ്ങും റോഡ് സൈഡ് പുനരുദ്ധാരണവും വാർഡ് 28 (380 /20) | ,, | 351101 |

| | | | |
|---|---|---|---|
| 26 | ഗാന്ധിനഗർ മങ്ങാട്ടിൽ പാത്‌വെ കോൺക്രീറ്റും സൈഡ് കെട്ടും വാർഡ് 29 (384 /20) | ,, | 225000 |
| 27 | തിരുനിലത്ത് പള്ളിറോഡ് കോൺക്രീറ്റ് രണ്ടാംഘട്ടം &സൈഡ് കെട്ടലും 3 (416 /20) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 495000 |
| | | | 8944313 |

ഓഡിറ്റ് എൻക്വയറി 12/20-21/28.12.2021, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 11(1)ബി, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 എന്നിവ പ്രകാരമുള്ള സമൻസ് (തീയ്യതി 12.1.2022) നടപടിയിലൂടെ ആവശ്യപ്പെട്ടിട്ടും പ്രസ്തുത രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 89,44,313 രൂപ തടസ്സം ചെയ്യുന്നു. ഫയലുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1(1).അളവ് പുസ്തകത്തിൽ തെറ്റായ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20) എന്ന പ്രവൃത്തി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 29.12.21 ന് നേരിൽ പരിശോധന നടത്തി. ചുവടെ കാണിച്ച പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല/അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള അളവുകൾ ചെയ്തിട്ടില്ല എന്ന് പരിശോധയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ1 | ഇനം, അളവ് | നൽകിയത് | പ്രവൃത്തി ചെയ്തത്/ നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| 1 | എക്സ്ട്ര ഇനം 1 സെന്ററിങ് 0.95m$^2$ | 238 @250.1m$^2$ | ചെയ്തില്ല | 238 |
| 2 | എക്സ്ട്ര ഇനം 2 കോൺക്രീറ്റിങ് 0.559m$^3$ | 3890 @6959.04m$^3$ | ,, | 3890 |
| 3 | ഇനം 8 സെന്ററിങ് 2.53m$^2$ | 1552 @422.85 3.67 | 1070 2.53m$^2$ | 482 |
| 4 | ഇനം 5 ഡ്രൈറബ്ൾ മേസനറി 8.44m$^3$ | 27682 @2700.65 10.25m$^3$ | 22793 8.44m$^3$ | 4889 |
| ആകെ | | | | 9499 |

1(2) മറ്റ് അപാകതകൾ

A. കുടിവെള്ള പദ്ധതി ടാങ്കിലേക്ക് പമ്പിങ് മെയിൻ പൈപ്പ് സ്ഥാപിച്ചതായി കാണുന്നില്ല.

B.കുടിവെള്ള പദ്ധതി ടാങ്കിൽ നിന്ന് വിതരണ ലൈൻ പൈപ്പ് പോകുന്നതായി കാണുന്നില്ല.

C. കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതായി കാണുന്നില്ല. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി 93687 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണത്തിനായി KSEBയിൽ തുക അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

D. കുടിവെള്ള പദ്ധതിയുടെ സ്വിച്ച് ബോർഡ്, സ്റ്റാർട്ടർ,മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവയും പരിശോധനയിൽ കണ്ടെത്താനായില്ല.

E. കുടിവെള്ള പദ്ധതിയുടെ മോട്ടോർ മറ്റെന്തെങ്കിലും പദ്ധതിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

കുടിവെള്ള പദ്ധതി നാളിത്‌വരെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 29.12.21 ന് നേരിൽ പരിശോധന നടത്തിയപ്പോൾ വ്യക്തമായി. പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.GI പൈപ്പ് ഫിറ്റിങ് - അധിക നിരക്കിൽ തുക നൽകി

ഈ പ്രവൃത്തിയുടെ ഇനം 1ആയി 144 മീറ്റർ നീളത്തിൽ 40mm GI പൈപ്പ് സ്ഥാപിച്ചതിന് 425.40/m നിരക്കിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് 361.18/m നിരക്കാണ് നൽകാവുന്നത്. GI പൈപ്പ് സ്ഥാപിക്കുന്നത് ഭൂനിരപ്പിന് മുകളിൽ ആയതിനാൽ ഈ ഇനത്തിന് നൽകാവുന്ന DSR 18.12.5 കോഡ് പ്രകാരമുള്ള നിരക്കിൽ നിന്ന് ട്രഞ്ചിങ് & റീഫില്ലിങ്

പ്രവൃത്തികൾക്കുള്ള നിരക്ക് കുറവ് ചെയ്താണ് ഈ പ്രവൃത്തിയിൽ നിരക്ക് നൽകേണ്ടിയിരുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

4. ഡ്രൈറബ്ൾ മേസനറിക്ക് അധിക നിരക്ക് നൽകി.

ഈ പ്രവൃത്തിയുടെ ഇനം 5 ആയി ഡ്രൈറബ്ൾ മേസനറി ചെയ്തതിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.7.1.1 പ്രകാരമുള്ള 2700.65/$m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. അപ്രകാരമുള്ള ഡാറ്റ 60.7.1 ആയി പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യവുമാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20)<br>കൺവീനർ ശ്രീ.അബ്ദു.ടി<br>കരാർ 95A/12.12.2019 | ഡ്രൈറബ്ൾ മേസനറി<br>13.60$m^3$ | 36729<br>@2700.65/$m^3$ | 32700<br>@2404.40/$m^3$ | 4029 |
| അളവ് പുസ്തകം 95A/17-8<br>ചെക്ക് 309962/23.7.2019<br>തുക 185200<br>കോസ്റ്റ് ഇൻഡക്സ് 36.19% | GI പൈപ്പ് ഫിറ്റിങ്<br>144M | 61258<br>@425.40/M | 52010<br>@361.18/M | 9248 |
| ആകെ | | | | 13277 |

ഓഡിറ്റ് എൻക്വയറി 23 /19-20/30.12.2021, ഓഡിറ്റ് എൻക്വയറി 8/19-20/24.12.2021 എന്നിവ നൽകിയതിന് -അധിക തുക ഈടാക്കുന്നതുൾപെടെയുള്ള അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-19 സെന്ററിങ് പ്രവൃത്തിക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (394/20) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1.സെന്ററിങ് പ്രവൃത്തിക്ക് അധിക തുക നൽകി

ഈ പ്രവൃത്തിയുടെ ഇനം 12 ആയി സൺഷെയ്ഡ് കോൺക്രീറ്റിന് വേണ്ടി സെന്ററിങ് പ്രവൃത്തി ചെയ്തതിന് 18.39$m^2$ ന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 13.09$m^2$ മാത്രമാണ്. അളവ് പുസ്തകത്തിൽ ഈ പ്രവൃത്തിയുടെ തൊട്ട് മുമ്പ് രേഖപ്പെടുത്തിയ ഇനം 13 സെന്ററിങ് പ്രവൃത്തിയുടെ അളവ് തെറ്റായി ഇനം 12 പ്രവൃത്തിയുമായി കൂട്ടിയത് വഴിയാണ് അപാകത സംഭവിച്ചത്.

2. സെന്ററിങ് പ്രവൃത്തിക്ക് തെറ്റായ ഡാറ്റ പ്രകാരം തുക നൽകി

ഈ പ്രവൃത്തിയുടെ ഇനം 8 ആയി കോളം (6 എണ്ണം) ഫൂട്ടിങ് കോൺക്രീറ്റിന് വേണ്ടി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ഈ നിരക്ക് കോളം (Column) പ്രവൃത്തിക്കുള്ള നിരക്കാണ്. എന്നാൽ ഇവിടെ 1.10 നീളം 1.10 വീതിയിൽ കോളം - ന്റെ അടിയിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിന് 5.9.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം/അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (394/20)<br>കൺവീനർ .ശ്രീമതി ലത (ഹെഡ് മിസ്ട്രസ്)<br>കരാർ 73/14.3.2018<br>അളവ് പുസ്തകം 73/17-18, | കോളം ഫൂട്ടിങ്. സെന്ററിങ്<br>6.60$m^2$<br>(6*4*1.10*0.25) | 3962<br>@600.25/$m^2$<br>(DSR 5.9.6) | 1642<br>@248.84/$m^2$<br>(DSR 5.9.1) | 2320 |

| | | | | |
|---|---|---|---|---|
| 73A/17-18<br>ഒന്നാം പാർട്ട് ബിൽ (2018-19 ൽ നൽകിയത്)<br>തുക 362839 | | | | |
| ബിൽ 1915174700140041366 9/5.8.2019<br>തുക 752927<br>കോസ്റ്റ് ഇൻഡക്സ് 37.25% | സൺഷെയ്ഡ് കോൺക്രീറ്റ്, സെന്ററിങ്<br>13.09 $M^2$ | 9964<br>@541.81.<br>18.39$m^2$ | 7092<br>@541.81.<br>13.09$m^2$ | 2872 |
| ആകെ | | | | 5192 |

3. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ 5.8.2019 ന് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവ് പുസ്തകം 73A/17-18 പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി 18 /19-20/28.12.2021 നൽകിയതിന് - അധികം നൽകിയ തുക അടവാക്കണമെന്നാവശ്യപ്പെട്ട് കൺവീനർക്ക് കത്തയച്ചിട്ടുണ്ട് എന്നും തുക അടവാക്കിയ ഉടനെ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

തുക അടവാക്കിയിട്ടില്ലാത്തതിനാൽ അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ/ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു. തുക ഈടാക്കേണ്ടതാണ്.

## 1-20 മുഴുവൻ വാടകയും ഈടാക്കിയില്ല

2019-20 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ ലേലം കൊണ്ട, താഴെ പറയുന്ന വാടകക്കാരിൽ നിന്നും മുഴുവൻ വാടകയും ഈടാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | റൂം നം | നിശ്ചയിച്ച വാടക ജി. എസ്.ടി അടക്കം | അടയ്ക്കാൻ അവശേഷിയ്ക്കുന്ന മാസം | കുടിശ്ശിക | ആകെ കുടിശ്ശിക ബാക്കി |
|---|---|---|---|---|---|---|
| 1 | ബിയ്യാത്തിയിൽ അഹമ്മദ് | 1-4102 (മൽസ്യ സ്റ്റാൾ) | 1158+208= 1366 | 1,2,3/2020 | 1366*3 | 4098 |
| 2 | ചെവിടികുന്നൽ കുഞ്ഞീതു | 5-4106 (മൽസ്യ സ്റ്റാൾ) | 1158+208= 1366 | 1/20 | 1366 | 1366 |
| 3 | തേക്കിൽ മുഹമ്മദ്കുട്ടി | 9-4110 (മൽസ്യ സ്റ്റാൾ) | 1158+208= 1366 | 8/19-3/20 | 1366*8 | 10928 |
| 4 | കുത്തുമാടൻ കുഞ്ഞിമുഹമ്മദ് | 14-4115 (മൽസ്യ സ്റ്റാൾ) | 1158+208= 1366 | 7/19-3/20 | 1366*9 | 12294 |
| 5 | കൊട്ടേയ്ക്കൽ ഇസ്മയിൽ | 21-4123 (മൽസ സ്റ്റാൾ) | 1158+208= 1366 | 1,2,3/2020 | 1366*3 | 4098 |
| 6 | കൊട്ടേയ്ക്കാടൻ മുസ്തഫ | 23-4140 ( മൽസ്യ സ്റ്റാൾ) | 1158+208= 1366 | 6/19-3/20 | 1366*10 | 13660 |
| 7 | പുതുക്കുടി മുഹമ്മദ് അഷറഫ് | 6-4139 (മാംസ സ്റ്റാൾ) | 2315+417= 2732 | 6/19-3/20 | 2732*10 | 27320 |
| 8 | സക്കീർ ബാബു | 7-4140 | 3821+688= | 7/19-3/20 | 4509*9 | 40581 |

| | | | | | | |
|---|---|---|---|---|---|---|
| | | (പച്ചക്കറി സ്ററാൾ) | 4509 | | | |
| | | | | | | 114345 |

ആകെ 114345 /-

വാടകയിനത്തിൽ ഈടാക്കാനവശേഷിയ്ക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളില് നിന്നും ഈടാക്കി വിവരം അറിയിയ്ക്കേണ്ടതിനായി നൽകിയ 9/ 24.12.21 (19-20)ഓഡിററ് എൻക്വയറിയ്ക്ക് കുടിശ്ശിക വരുത്തിയവരിൽനിന്നും വാടക തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർന്നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-21 വാടക ഈടാക്കിയില്ല-

2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കൊടുത്തിരിയ്ക്കുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നം | വാടകയ്ക്കു നൽകിയ വ്യക്തിയുടെ പേര് | വാടക ജിഎസ്.ടി (അക്കം) | ആകെ വാടക |
|---|---|---|---|---|
| 1 | 3-(4104) (മൽസ്യ സ്ററാൾ) | പഴയകുന്ന് അബ്ദുസ്സലാം | (1158+209)*12 | 16404 |
| 2 | 29-(4130) (മൽസ്യ സ്ററാൾ) | മുജീബ് കോമു | (1158+209)*12 | 16404 |
| 3 | റൂം എം-13 (9109) | കാവുങ്ങൽ ഉമ്മർ ഹാജി | (2183+393)*12 | 30912 |
| 4 | റൂം എം-137 (2137) | ടി ഇ ഹംസ | (4630+834)+12 | 65568 |
| | | | | 129288 |

ആകെ **129288 /-**

വാടകയിനത്തിൽ ഈടാക്കാനവശേഷിയ്ക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽനിന്നും പലിശ സഹിതം ഈടാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് 11 /27.12.21(2019-20) കുടിശ്ശിക വരുത്തിയവരിൽനിന്നും വാടക പലിശ സഹിതം തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർന്നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-22 ലേലം ചെയ്ത റൂമുകളുടെ ഡെപ്പോസിറ്റ് തുക മുഴുവനും ഈടാക്കിയില്ല.

നഗരസഭ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമാണവുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കം ചെയ്യുന്ന കെട്ടിടത്തിലെ നിലവിലെ താഴത്തെ നിലയിലെ ലൈസൻസികളെ പുതുതായി നിർമിയ്ക്കുന്ന കെട്ടിടത്തിലെ താഴത്തെ നിലയിലും ഒന്നാം നിലയിലെ ലൈസൻസികളെ ടി കെട്ടിടത്തിലെ ഒന്നാം നിലയിലും പുനരധിവസിപ്പിയ്ക്കുന്നതിനും, താഴെ നിലയിലെ റൂം ഒന്നിന് 15ലക്ഷവും ഒന്നാം നിലയിലേതിന് 5ലക്ഷം രൂപയും ഡെപ്പോസിറ്റ് വാങ്ങുന്നതിനും 6.11.19 തീയതിയിലെ 28 നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.ഡെപ്പോസിറ്റ് തുക 4തുല്യ ഗഡുക്കളായി ഈടാക്കാന്നതിനും ആദ്യഗഡു 2019 നവംബർ 30നകവും ബാക്കി തുക 3 മാസം കൂടുന്തോറും ഈടാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ റൂമുകൾ ലേലം കൊണ്ട താഴെ കൊടുത്തിരിയ്ക്കുന്ന ലൈസൻസികൾ മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.അടവാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസികളുടെ പേര് | റൂം നം | നിശ്ചയിച്ച ഡെപ്പോസിറ്റ് തുക | അടവാക്കിയ തുക | അടവാക്കാൻഅവശേഷിയ്ക്കുന്ന തുക |
|---|---|---|---|---|---|
| 1 | അബ്ദുവറഹമാൻ മെയ്തീൻ കാവുങ്ങൽ | ടാക്സി സ്റ്റാൻ്റ് റൂം നം 1 7101 | 15ലക്ഷം | 1425000 | 75000 |

| | | | | | |
|---|---|---|---|---|---|
| 2 | മേലേതിൽ അലവികുട്ടി ചങ്കുവെട്ടികുന്ന് | ഇളനീർ പന്തൽ 9103 | 15ലക്ഷം | 1450000 | 50000 |
| 3 | ഷംസുദ്ദീൻ എ.ടി ആട്ടീരി തൊടി കോട്ടയ്ക്കൽ | BWS US4 8104 | 5ലക്ഷം | 375000 | 125000 |
| 4 | മുഹമ്മദ് ബഷീർ പള്ളിതൊടി ഒതുക്കങ്ങൽ | BWS 6 8105 | 15ലക്ഷം | 1125000 | 375000 |
| 5 | അഹ്ദുൾകരീം ചോലയ്ക്കൽ | BWS 9A 8102 | 15ലക്ഷം | 1125000 | 375000 |
| 6 | ഷംസുദ്ദീൻ എ.ടി ആട്ടീരി തൊടി കോട്ടയ്ക്കൽ | BWS 4 8102 | 15ലക്ഷം | 1125000 | 375000 |
| 7 | അഹ്ദുൾകരീം ചോലയ്ക്കല് | BWS 7 8106 | 15ലക്ഷം | 1350000 | 150000 |
| 8 | ഇ. ബീരാൻകുട്ടി ഏറ്റും മുടിലില് എടരിക്കോട് | ബസ് സ്റ്റാൻറ് റൂം നം 2 6112 | 15ലക്ഷം | 1125000 | 375000 |
| 9 | പുല്ലാട്ടുപതൊടി ശ്രീനിവാസൻ ചീനം പുത്തൂർകോട്ടേയ്ക്കല് | ടാക്സി സ്റ്റാൻറ് റൂം നം 6 7103 | 15ലക്ഷം | 1275000 | 225000 |
| 10 | ഹമീദ് ഹാദുഷ കല്ലൻ ഹൗസ് | BWS 8 8107 | 15ലക്ഷം | 135000 | 150000 |
| 11 | ഇല്ലിക്കാട്ടിൽ സഫുവാൻകോട്ടയ്ക്കൽ | BWS US1 8101 | 5ലക്ഷം | 325000 | 175000 |
| 12 | ഇല്ലിക്കാട്ടിൽ സഫുവാൻകോട്ടയ്ക്കൽ | BWS US3 8103 | 5ലക്ഷം | 325000 | 175000 |
| 13 | വടക്കേതിൽ ഹൈഡ്രോസ് കോട്ടയ്ക്കൽ | ടാക്സി സ്റ്റാൻറ് റൂം നം 59104 | 15ലക്ഷം | 1275000 | 225000 |
| 14 | പള്ളിതൊടിമുഹമ്മദ് ബഷീർ | BWS 8 8206 | 5ലക്ഷം | 250000 | 250000 |
| 15 | വി.മുഹമ്മദ് നിസാർ ചാപ്പനങ്ങാടി | ബസ് സ്റ്റാൻറ് റൂം നം 6(temporary) 9106 | 15ലക്ഷം | 750000 | 750000 |
| | | | | | 38,50,000/- |

ആകെ 38,50,000/-

ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിക്ക് ഓഡിററ് എൻക്വയറി നം.10/24.12.21 (19-20)ന് കുടിശ്ശിക വരുത്തിയവരിൽനിന്നും ഡെപ്പോസിറ്റ് തുക തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർന്നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 പി.എം.എ.വൈ നഗര സഭാ വിഹിതം-അപാകതകൾ

| പ്രോജക്ടിന്റെ പേര്/നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ചെലവ് തുക |
|---|---|---|---|
| പി.എം.എ.വൈ നഗര സഭാ വിഹിതം (പ്രോജക്ട് നം.6) | ആർ മണികണ്ഠൻ, സെക്രട്ടറി | 80,00,000 | 80,00,000/- (50,00,000/-(വികസന ഫണ്ട്) (Sl.No.13/01/19-20 PMAY PO9612/16 Dated 24.08.19, 920200/-(വികസന ഫണ്ട്) Sl.No.31/02/19-20PMAY PO9612/16 Dated ലഭ്യമല്ല 2079800/-(തനതു ഫണ്ട്) ചെക്ക് നം. 306779 തിയ്യതി 01.11.2019 |
| പി.എം.എ.വൈ നഗര സഭാ വിഹിതം(എസ്.സി) പ്രോജക്ട് നം. 7 | എം.സുഗതകുമാർ, സെക്രട്ടറി | 19,60,000 | 7,00,000/-(എസ്.സി.പി.) (Sl.No.38/03/19-20 PMAY PO9612/16 Dated 05.02.20 |

മേൽ പദ്ധതികളുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. ഭവന നിർമ്മാണത്തിനു വേണ്ടി ഗുണഭോക്താക്കൾക്ക് നല്കിയ തുകയുടെ ഗുണഭോക്തൃ ലിസ്റ്റും, നല്കിയ തുകയും.

2. ഓരോ ഗുണഭോക്താവിനും 2019-20 വരെ ഭവന നിർമ്മാണത്തിനു വേണ്ടി നല്കിയ ആകെ തുക.

3. ഭവനങ്ങൾ പൂർത്തിയാക്കിയതിന്റെ സ്റ്റേജ് റിപ്പോർട്ട്.

4. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രജിസ്റ്റർ.

മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (ഓഡിറ്റ് അന്വേഷണം നം. 22/19-*20*/ 30.12.21) ഗുണഭോക്താക്കൾക്ക് നല്കിയ ധനസഹായം രേഖപ്പെടുത്തിയ പത്രിക ലഭ്യമാക്കിയെങ്കിലും മേൽ പദ്ധതിയ്ക്ക് ട്രഷറി ബിൽ പ്രകാരം ചെലവഴിച്ച ഓരോ തുകയുടെയും വിനിയോഗമോ ഗുണഭോക്താക്കൾക്ക് ഏത് അക്കൗണ്ടിലേക്കാണ് ധനസഹായം നല്കിയതെന്നോ അറിയിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിൽ സൂചിപ്പിച്ച മറ്റ് അപാകതകൾ തുടർ വർഷങ്ങളിൽ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം ഗുണഭോക്താക്കൾക്ക് നല്കിയ ധനസഹായത്തിന്റെ വിവരവും ഭവന നിർമ്മാണത്തിന്റെ പുരോഗതിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 KSEB – തുക അടവാക്കൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി KSEB യിൽ തുക അടവാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പ്രവൃത്തി | അടവാക്കിയ തുക | KSEB സെക്ഷൻ | ഫയൽ നമ്പർ |
|---|---|---|---|---|
| 21900136/08.05.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 1 | 59411 | കോട്ടക്കൽ | PW 2 – 16574/18 |
| 21900207/22.05.2019 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇലക്ട്രിഫിക്കേഷൻ | 11980 | കോട്ടക്കൽ | PW 2 – 11038/17 |
| 21900447/08.07.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 21 | 15775 | കോട്ടക്കൽ | PW 2 – 7075/19 |
| 21900650/20.08.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 16 | 5668 | കോട്ടക്കൽ | PW 2 – 7073/19 |
| 21901061/16.11.2019 | സർവീസ് കണക്ഷൻ ചാർജ് - വാർഡ് - 2 അംഗൻവാടി | 44880 | കോട്ടക്കൽ | PW 2 – 17085/19 |
| 21901079/26.11.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 21 | 17427 | കോട്ടക്കൽ | PW 2 – 7075/19 |
| 21901092/28.11.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 20 | 7568 | കാടാമ്പുഴ | PW 2 – 17079/19 |
| 21901215/24.12.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - ബസ് സ്റ്റാന്റ് | 95417 | കോട്ടക്കൽ | PW 2 – 12547/13 |
| 21901043/12.11.2019 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 4 | 35414 | കോട്ടക്കൽ | PW 2 – 15308/19 |
| 21901346/23.01.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 28 | 13433 | കോട്ടക്കൽ | PW 2 – 9381/19 |
| 21901347/23.01.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 20 | 17996 | കോട്ടക്കൽ | PW 2 – 2113/19 |
| 21901373/29.01.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 31 | 28538 | കോട്ടക്കൽ | E 2 – 1532/20 |
| 21901551/02.03.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 24 | 13294 | കോട്ടക്കൽ | PW 2 – 2140/20 |
| 21901480/19.02.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 11 | 38464 | ഒതുക്കുങ്ങൽ | E 2 – 3103/20 |
| 21901479/19.02.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 22 | 19322 | കോട്ടക്കൽ | E 2– 358/20 |
| 21901460/14.02.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 9 | 5917 | കോട്ടക്കൽ | E 2– 802/20 |
| 21901690/30.03.2020 | പുന്നപ്പറമ്പ് ഏരിയ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കൽ | 47124 | കോട്ടക്കൽ | E 2– 4806/20 |
| 21901652/23.03.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 2 | 9038 | കോട്ടക്കൽ | E 2– 5730/20 |
| 21901588/03.03.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 10 | 39182 | കോട്ടക്കൽ | E 2– 1740/20 |
| ആകെ | | 525848 | | |

പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/2019-20 തി. 22.12.2021) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കോട്ടക്കൽ കെ.എസ്.ഇ.ബി അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5,25,848 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 എസ്.എസ്.എ വിഹിതം നല്കി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

തൻവർഷം ഗവ: രാജാസ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നടപ്പാക്കിയ എസ്.എസ്.എ വിഹിതം നല്കൽ എന്ന പ്രോജക്ട് പ്രകാരം എസ്.എസ്.എ. മലപ്പുറം ജില്ലാ പ്രോജക്ട് ഓഫീസർക്ക് പഞ്ചായത്ത് വിഹിതമായി ₹4099230/- നല്കിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | എസ് 3/20 |

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നല്കൽ |
| തുക | ₹4099230/- |
| ബിൽ നമ്പർ, തുക, തിയ്യതി | ₹4099230/- , 3/2019-20 തിയ്യതി 22.11.2020 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ . 3/20-21 തിയ്യതി 27.12.2021 ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ്.എസ്.കെ മലപ്പുറം ജില്ലാ പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ചെലവ് തുക 4099230/- രൂപ തടസപ്പെടുത്തുന്നു.

## 1-26 ബിൽ തുകയിൽ നിന്ന് GST കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുടെ ബിൽ തുക കൺവീനർമാർക്ക് നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% GST തുക കുറവ് ചെയ്തിട്ടില്ല.

2017 ലെ GSTനിയമം അനുസരിച്ച് 1.10.2018 മുതൽ 2.5ലക്ഷം രൂപയിൽ അധികരിച്ച് നൽകുന്ന ബിൽ തുകയിൽ നിന്ന് 2% തുക GSTഇനത്തിൽ കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ 2% തുക കുറവ് ചെയ്യാതെയാണ് കൺവീനർക്ക് ബിൽ തുക നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% തുക GSTക്കായി വകയിരുത്തുകയും മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (GST2%) |
|---|---|---|
| 2 | GMUP സ്കൂളിൽ ചുറ്റമതിൽ, ഇന്റർലോക്ക്, പെയിന്റിങ് (305/20)<br>കൺവീനർ .ശ്രീ. ഉമ്മർകുട്ടി (ഹെഡ് മാസ്റ്റർ)<br>കരാർ 69/19.2.2018<br>അളവ് പുസ്തകം 69/17-18 തീയ്യതി 19.2.2018<br>ചെക്ക് 2829673/31.3.2020 തുക 459020<br>ആകെ പ്രവൃത്തി മൂല്യം 959020 (500000 രൂപ MGNR ഫണ്ട് ലഭ്യമല്ലാത്തതിനാൽ നൽകിയിട്ടില്ല)3<br>കോസ്റ്റ് ഇൻഡക്സ് 37.25% | 9180 |

## 1-27 ഹോമിയോ ആശുപത്രി നവീകരണം - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രി നവീകരണം (190/20) എന്ന പദ്ധതി നഗരസഭ എഞ്ചിനീയുടെ സാന്നിധ്യത്തിൽ 29.12.2021 ന് നേരിൽ പരിശോധന നടത്തിയപ്പോൾ - മേൽക്കൂരയിൽ ഷീറ്റ് മേയുന്നതിന് വേണ്ടി സ്റ്റീൽ വർക്ക് ചെയ്തതിന് അളവ് പുസ്തകം പേജ് 8 ൽ രേഖപ്പെടുത്തിയ 1*12m റെക്ടാംഗ്ലർ പൈപ്പ് കാണാനായില്ല. സ്ഥല പരിശോധന റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം അധികം നൽകിയ 4123 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക |
|---|---|---|
| ഹോമിയോ ആശുപത്രി നവീകരണം (190/20)<br>കരാറുകാരൻ ശ്രീ. സിറാജുദ്ധീൻ.പി.പി<br>കരാർ 31/21.12.2019<br>അളവ് പുസ്തകം 31/19-20<br>ബിൽ 19151747001401186951/31.1.20 തുക 100000<br>ചെക്ക് 307756/24.2.2020 തുക 99868<br>കോസ്റ്റ് ഇൻഡക്സ് 31.06% | 36.6Kg<br>(1*12m*3.05kg/M)<br>80*40mm പൈപ്പ് കോമൺറാഫ്റ്റർ | 4123<br>@112.65/Kg<br>(DSR 10.25.2) |

ഉക തിരിച്ചടവാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/19-20/30.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ തുക ഈ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-28 ദേശിയ നഗര ഉപജീവന മിഷൻ (NULM)-അവലോകനം

നഗര പ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യ ലഘൂകരണത്തിനും വേണ്ടി കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ-NULM (National Urban Livelihood Mission). കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി കുടുംബശ്രീ മിഷനാണ്. 2015 മെയ് മാസത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴവൻ നഗര പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിട്ടുണ്ട്. നഗര ദാരിദ്യത്തിന്റെ 3 പ്രധാന മാനങ്ങൾ മിഷൻ പ്രകാരം (1) അടിസ്ഥാന സൗകര്യം, (2) സാമൂഹിക ദുർബലതകൾ (3) തൊഴിൽ പരമായ ദുർബലതകൾ എന്നിവയാണ്. ഇവ ലഘൂകരിക്കുന്നതിന് മിഷൻ വിഭാവനം ചെയ്യുന്നത് പ്രധാനമായും 7 ഘടകങ്ങളിലൂടെയാണ് . അവ താഴെ നല്കുന്നു.

(1) സാമൂഹിക സംഘാടനവും സ്ഥാപനങ്ങൾ വികസിപ്പിക്കലും

(2) കാര്യശേഷി വികസനവും പരിശീലനവും

(3) നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും

(4) സ്വയം തൊഴിൽ പദ്ധതി

(5)നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്ക് സഹായ പദ്ധതികൾ

(6)നഗരങ്ങളിൽ ഭവന രഹിതകൾക്കുള്ള പാർപ്പിട പദ്ധതി

(7)നൂതന ആശയ-സവിശേഷ പദ്ധതികൾ

മേൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കോട്ടക്കൽ നഗരസഭയിൽ ഒരു സിറ്റി മിഷൻ മാനേജരും, ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും നിലവിൽ ഉണ്ട്. 2019-20, 2020-21 സാമ്പത്തിക വർഷത്തിൽNULM പ്രവർത്തനം പരിശോധിച്ചപ്പോൾ നൈപുണ്യ പരിശീലനം നിയമനവും എന്ന ഘടകത്തിന്റെ കീഴിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന നഗര ദരിദ്ര്യ വിഭാഗത്തിൽപ്പെടുന്ന കുടംബങ്ങളിലെ അംഗങ്ങൾക്ക് യാത്രാബത്തയും പരിശീലാന്തരം അർഹരായ ഗുണഭോക്താക്കൾക്ക് സഹായവും നല്കുന്ന പദ്ധതി മാത്രമാണ് നടപ്പില്ലാക്കിയിട്ടുള്ളത്. മേൽ പദ്ധതിക്കായി സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ (NULM007)58091/പി/2017/കെ.എസ്.എച്ച്.ഒ. തിയതി 23.01.2020 പ്രകാരം 23112/രൂപ അനുവദിക്കുകയുണ്ടായി. പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെക്കാണുന്ന അപാകതകൾ കാണുന്നു.

1. എത്ര പേർക്ക് പരിശീലനം നല്കി എന്ന് വ്യക്തമല്ല.

2. പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനുള്ള സാക്ഷ്യപത്രം ഫയലിൽ ഇല്ല.

3.യാത്രാ ബത്ത അനുവദിക്കുമ്പോൾ കോഴ്സ് പാസ്സായ സർട്ടിഫിക്കറ്റിന്റെ കോപ്പി വാങ്ങി സൂക്ഷിച്ചിട്ടില്ല.

4. വിതരണം ചെയ്ത തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണവും മറ്റുള്ള പദ്ധതികൾ നടപ്പിലാക്കത്തിനുള്ള കാരണവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ(ഓഡിറ്റ് അന്വേഷണം നം. 25 /2019-20/ 31.12.21) ഓഡിറ്റ് എൻക്വറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 GWD – തുക അടവാക്കൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി മലപ്പുറം ഭൂജല സർവേ വകുപ്പിൽ തുക അടവാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പ്രവൃത്തി | അടവാക്കിയ തുക | ഫയൽ നമ്പർ |
|---|---|---|---|
| 21900353/20.06.2019 | വാർഡ് - 25 ആലിൻചുവട് ആലിക്കൽ നാറ്റുവെട്ടി കോളനിയിൽ ഭൂജല സർവേ നടത്തുന്നതിന് | 1840 | PW 2 – 4214/19 |
| 21900438/02.07.2019 | വാർഡ് - 8 കാവതികളം, സബ്സെന്റർ കുഴൽകിണർ നിർമ്മാണം | 45400 | PW 2 – 16607/18 |
| 21901307/15.01.2020 | വാർഡ് - 25 ആലിൻചുവട് ആലിക്കൽ കുടിവെള്ള പദ്ധതി ഭൂജല സർവേ നടത്തുന്നതിന് | 1935 | E 2 – 16702/19 |
| 21901292/10.01.2020 | വാർഡ് - 16 ചക്കാലക്കൽ എസ്. സി കോളനി കുടിവെള്ള പദ്ധതി ഭൂജല സർവേ നടത്തുന്നതിന് | 1935 | E 2 – 16775/19 |
| 21901345/23.01.2020 | ജി യു പി സ്കൂൾ നായാടിപ്പാറ ഭൂജല സർവേ നടത്തുന്നതിന് | 1935 | E 2 – 490/20 |
| 21901552/02.03.2020 | വാർഡ് - 16 പണിക്കർകുണ്ട് കുഴൽകിണർ നിർമ്മാണം | 43502 | PW 2 – 16775/19 |
| 21901481/19.02.2020 | ജി യു പി സ്കൂൾ നായാടിപ്പാറ കുഴൽകിണർ | 48800 | E 2 – |

| | | | |
|---|---|---|---|
| | നിർമ്മാണം | | 490/20 |
| | | 145347 | |

പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/2019-20 തി. 22.12.2021) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് മലപ്പുറം ഭൂജല സർവേ വകുപ്പ് ജില്ലാ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,45,347 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 കൺവീനർക്ക്അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ 303472 രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-30-1 ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ ക്ലാസ്സ് റൂം നിർമ്മാണം<br>പ്രൊജക്ട് നമ്പർ- 390/20<br>കൺവീനർ- ശ്രീമതി. വനജ.എം, പ്രിൻസിപ്പാൾ ,ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടക്കൽ<br>TS- 950000<br>കരാർ 48/16.11.2018<br>അളവ് പുസ്തകം 48/18-19<br>ആകെ മൂല്യ നിർണ്ണയം -8,93,014<br>ചെക്ക് നമ്പർ- 2987005/22.8.2019- 893,014 രൂപ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 44651 |
| 2 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ റൂമുകളുടെ റിപ്പയറിംഗ് പ്രവൃത്തികൾ<br>പ്രോജക്ട് നമ്പർ- 349/20<br>കൺവീനർ ശ്രീ. മോഹനൻ. പി.ഡി. ഹെഡ്മാസ്റ്റർ, ഗവ. രാജാസ് ഹൈസ്കൂൾ ,കോട്ടക്കൽ<br>TS- 1490000<br>കരാർ 72/19.2.2018<br>അളവ് പുസ്തകം - 148/18-19<br>ഫസ്റ്റ് പാർട്ട് ബിൽ 668966 (2017-18 ൽ നൽകിയത്)<br>ഫൈനൽ ബിൽ 810491 (ചെക്ക് നമ്പർ- 621/ /22.1.2020)<br>ആകെ മൂല്യ നിർണ്ണയം 1479457<br>കോസ്റ്റ് ഇൻഡക്സ് 37.25% | 73973 |
| 3 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ വനിതകൾക്കായി ടോയ് ലറ്റ് കോംപ്ലക്സ് | 62083 |

| | | |
|---|---|---|
| | കൺവീനർ- ശ്രീമതി വനജ. ഇ.എൻ, പ്രിൻസിപ്പാൾ, ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ ,കോട്ടക്കൽ<br>പ്രൊജക്റ്റ് നമ്പർ- 310/20 (സ്പിൽഓവർ)<br>TS- 1490000<br>കരാർ- 107/2017-18,തി-17.3.2018<br>അളവ് പുസ്തകം -107/17-18, 107A/17-18<br>ആകെ മൂല്യ നിർണ്ണയം -1241654<br>ബിൽ നമ്പർ- 18/7.9.2019<br>കോസ്റ്റ് ഇൻഡക്സ് 37.25% | |
| 4 | രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (394/20)<br>കൺവീനർ .ശ്രീമതി ലത (ഹെഡ് മിസ്ട്രസ്)<br>കരാർ 73/14.3.2018<br>അളവ് പുസ്തകം 73/17-18, 73A/17-18<br>ഒന്നാം പാർട്ട് ബിൽ (2018-19 ൽ നൽകിയത്) തുക 362839<br>ബിൽ 1915174700140041 3669/5.8.2019 തുക 752927<br>1115766<br>കോസ്റ്റ് ഇൻഡക്സ് 37.25% | 55788 |

## 1-30-2 പ്രൈമറി സ്കൂളുകൾ

| നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് (305/20)<br>കൺവീനർ .ശ്രീ. ഉമ്മർകുട്ടി (ഹെഡ് മാസ്റ്റർ)<br>കരാർ 69/19.2.2018<br>അളവ് പുസ്തകം 69/17-18 തീയ്യതി 19.2.2018<br>ചെക്ക് 2829673/31.3.2020 തുക 459020<br>ആകെ പ്രവൃത്തി മൂല്യം 959020 (500000 രൂപ MGNR ഫണ്ട് ലഭ്യമല്ലാത്തതിനാൽ നൽകിയിട്ടില്ല)<br>കോസ്റ്റ് ഇൻഡക്സ് 37.25% | 22951 |
| 2 | GLP സ്കൂൾ സ്റ്റേജ് നിർമ്മാണം (479/20)<br>കൺവീനർ ശ്രീ.ജോർജ് കുട്ടി, ഹെഡ്മാസ്റ്റർ GLPസ്കൂൾ കോട്ടക്കൽ<br>കരാർ 32/12.12.2019 അളവ് പുസ്തകം 32/19-20<br>ചെക്ക് 2829673/31.3.2020 തുക 260000<br>കോസ്റ്റ് ഇൻഡക്സ് 31.06% | 13000 |

## 1-30-3 കുടിവെള്ള പദ്ധതി

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20)<br>കൺവീനർ ശ്രീ.അബ്ദു.ടി<br>കരാർ 95A/12.12.2019<br>അളവ് പുസ്തകം 95A/17-8 | 9260 |

| | | | |
|---|---|---|---|
| | | ചെക്ക് 309962/23.7.2019<br>തുക 185200<br>കോസ്റ്റ് ഇൻഡക്സ് 36.19% | |

## 1-30-4 റോഡുകൾ

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | മുളിയൻകൊട്ട മൈലാടി മരവട്ടം റോഡ് പുനരുദ്ധാരണം<br>പ്രൊജക്റ്റ് നമ്പർ- 235/19<br>TS- 499500<br>കൺവീനർ- ശ്രീ. അബ്ദുറഹ്മാൻ കുണ്ടിൽ<br>കരാർ 20/23.01.2017<br>അളവ് പുസ്തകം 240/15-16<br>ആകെ മൂല്യ നിർണ്ണയം 435328<br>ചെക്ക് നമ്പർ- 2987639/4.3.2020<br>കോസ്റ്റ് ഇൻഡക്സ് 36.19%, 2014 DSR | 21766 |

ഓഡിറ്റ് എൻക്വയറി 18/19-20/28.12.2021, 23/19-20/30.12.2021, 7/19-20/20.12.2021, എന്നിവ നൽകിയതിന് തുക കൺവീനറിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ 303472 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-31 അക്രഡിറ്റഡ് ഏജൻസി വഴിയുള്ള മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ 2019-20 വർഷത്തെ പ്രൊജക്ടുകൾ പരിശോധിച്ചതിൽ നിരവധി മരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തിയതായി കാണുന്നു. നഗരസഭയിൽ ഒരു എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിരിക്കെ മരാമത്ത് പ്രവൃത്തികൾ സെക്രട്ടറി നിർവഹണം നടത്തിയതിന്റെ ആവശ്യകത വ്യക്തമാവുന്നില്ല. 2019-20 ൽ ചെലവ് ചയ്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അനുവദിച്ച തുക | ഫണ്ട് | അക്രഡിറ്റഡ് ഏജൻസി |
|---|---|---|---|---|
| 267 | സി. എച്ച് ഓഡിറ്റോറിയം സീലിംഗ് നവീകരണം | 1490000 | ധനകാര്യ കമ്മീഷൻ അവാർഡ് | ഫയൽ ലഭ്യമാക്കിയില്ല |
| 282 | വലിയ പറമ്പ് സ്റ്റേഡിയം നിർമ്മാണം | 3000000 | ധനകാര്യ കമ്മീഷൻ അവാർഡ് | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തൃശ്ശൂർ |
| 453 | നഗരസഭാ ഫ്രണ്ട് ഓഫീസ് സജ്ജീകരണം | 150000 | തനത് ഫണ്ട് | SIDCO |
| 476 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 20000000 | ലോൺ | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| ആകെ | | 24640000 | | |

അക്രഡിറ്റഡ് ഏജൻസി വഴിയുള്ള നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വലിയ പറമ്പ് സ്റ്റേഡിയം നിർമ്മാണം എന്ന പ്രവർത്തിക്കായി ഒന്നാം ഘട്ടത്തിനായി 1.5 കോടി രൂപയുടെ എസ്റ്റിമേറ്റും, രണ്ടാം ഘട്ടത്തിനായി 4.5 കോടി രൂപയുടെ എസ്റ്റിമേറ്റും, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തയ്യാറാക്കിയിട്ടുണ്ട്. 2018 ഒക്ടോബർ 08 ന് 13/18-19 ആയി കരാർ ഒപ്പുവെച്ചെങ്കിലും, നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം സൈറ്റ് കൈമാറി/കരാർ വെച്ച് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഏൽപിച്ച് നൽകിയ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ്

കോംപ്ലക്സ് നിർമ്മാണത്തിന് കരാർ പ്രകാരം 18 മാസ കാലാവധിയിൽ 29.03.2021 നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

3. നഗരസഭക്ക് സ്വന്തമായി മുനിസിപ്പൽ എഞ്ചിനീയറുടെ കീഴിൽ വിപുലമായ എഞ്ചിനീയറിംഗ് വിംഗ് നിലവിലുണ്ട്. എന്നാൽ മേൽ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതും അക്രഡിറ്റഡ് ഏജൻസികളാണ്.

4. ഈ വർക്കിന്റെ അളവുകൾ രേഖപ്പെടുത്തിയത് നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗമല്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത അക്രഡിറ്റഡ് ഏജൻസികളുടെ അതേ എഞ്ചിനീയറാണ് അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ ചട്ടം 14 (1) പ്രകാരം മുനിസിപ്പാലിറ്റി ഏറ്റെടുത്തിട്ടുള്ള ഏതൊരു പൊതുമരാമത്ത് പണിയും മുനിസിപ്പൽ എഞ്ചിനീയറുടെയോ അദ്ധേഹം ചുമതലപ്പെടുത്തുന്ന മറ്റു സാങ്കേതിക ഉദ്യോഗസ്ഥരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തേണ്ടതും ജോലിയുടെ പുരോഗതിയും ഗുണമേൻമയും അവർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അപ്രകാരം നടത്തപ്പെടുന്ന ഏതൊരു ജോലിയുടെയും ഗുണമേൻമയോട് കൂടിയ പൂർത്തീകരണത്തിന് അവർ വ്യകതിപരമായോ കൂട്ടായോ ഉത്തരവാദിയായിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ എഞ്ചിനീയറിംഗ് വിംഗ് മേൽ പ്രവൃത്തികളിൽ യാതൊരു പരിശോധനയും നടത്തിയിട്ടില്ല.

5. നിലവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതു മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് DSR, MORTH, MORD നിരക്കുകൾ അടിസ്ഥാനമാക്കിയാണ്. ഇവയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് മാർക്കറ്റ് നിരക്കിനെ അടിസ്ഥാനമാക്കി Approved Data യും Observed Data യും നിലവിലുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ യോഗ്യതയുള്ള ജീവനക്കാർ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അക്രഡിറ്റഡ് ഏജൻസികളാണ് . മാത്രമല്ല, ഏത് നിരക്ക് അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും വ്യക്തമല്ല. ഡാറ്റയും ഉള്ളടക്കം ചെയ്തിട്ടില്ല.

6. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന വർക്കുകൾ സംബന്ധിച്ച് സർക്കാർ പുതുക്കിയ വിശദമായ മാർഗരേഖ GO(P)311/2014 /Fin Dated 30.07.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ Annexure 11 ആദ്യ ഖണ്ഡികയിൽ തന്നെ വ്യക്തമാക്കുന്നത് സ്വന്തമായ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്ക് ഏൽപിച്ച് നൽകാൻ അനുമതിയുള്ളു എന്നാണ്. മാത്രമല്ല, സ്വന്തമായി എഞ്ചിനീയറിംഗ് ഉള്ള വകുപ്പുകൾക്ക്, തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

7. GO(P)95/2017/ Fin Dated 25.07.2017 ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്കുകൾക്ക് നൽകുന്നത് സംബന്ധിച്ച് അധിക നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ക്രമ നമ്പർ 3 പ്രകാരം “The Administrative Department Shall Adopt A Fair And Competitive Bidding Process For Selection Of Accredited Agency “ എന്നും ക്രമ നമ്പർ 4 ൽ " The Administrative Department Shall Ensure That All Relevant Guidelines Regarding Execution Of Public Works Are Complied “ എന്നും ക്രമ നമ്പർ 7 ൽ " TS Shall Be Issued By The Competent Authority Of Concerned Engineering Department” എന്നും വ്യക്തമായ രീതിയിൽ മാർഗനിർദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചില്ല.

8. അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് കൗൺസിൽ അംഗീകരിക്കുന്നുണ്ടെങ്കിലും എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അംഗീകരിക്കുന്നില്ല. ഫൈനൽ ബിൽ നൽകുമ്പോൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയോ എം. ബുക്കിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അക്രിഡറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 മുൻകൂർ പണം നൽകി - ഉപകരണങ്ങൾ ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ പേര് : 147/2020 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ : 80000

ചെലവ് : 78017 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ തിയ്യതി : 4/18.01.2020

മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം A4 ഷീറ്റ് സ്കാനർ (1), A4 മൾട്ടി ഫംഗ്ഷൻ പ്രിന്റർ (1), ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (1) എന്നിവ വാങ്ങുന്നതിനായി 78017 രൂപ (പ്രഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/12359/19-20 തി. 10.12.2019) കെൽട്രോൺ, തിരുവനന്തപുരത്തിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുക ട്രാൻസ്ഫർ ചെയ്തതിന് ശേഷം CPRCS Portal ൽ വർക്ക് ഓർഡർ നിശ്ചിത സമയത്തിനകം ജനറേറ്റർ ചെയ്യാത്തതിനാൽ ഉപകരണങ്ങൾ ലഭ്യമായില്ല. തുടർന്ന് കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ പുതിയ വർക്ക് ഓർഡർ നൽകാൻ നിർദേശിച്ചിരുന്നു. എന്നാൽ CPRCS Portal ൽ പ്രസ്തുത ഉപകരണങ്ങളുടെ നിരക്ക് വർധിച്ചതിനാൽ 9243/- രൂപ കൂടി അധികമായി അടവാക്കേണ്ടി വന്നു. തുടർന്ന് നഗരസഭ തനത് ഫണ്ടിൽ നിന്നും 9243 രൂപ കെൽട്രോണിന് അടവാക്കി. (ചെക്ക് നമ്പർ 4666483/30.09.2021)

പുതിയ വർക്ക് ഓർഡർ അനുസരിച്ച് ചുവടെ ചേർക്കും പ്രകാരം 87260 രൂപയുടെ പുതുക്കിയ നിരക്കിലുള്ള പ്രഫോർമ ഇൻവോയ്സ് കെൽട്രോണിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

1. TVM/ITBG/PI/RC/27667/20-21 തി. 05.07.2021 - ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (1) – 42510 രൂപ

2. TVM/ITBG/PI/RC/27666/20-21 തി. 05.07.2021 - A4 മൾട്ടി ഫംഗ്ഷൻ പ്രിന്റർ (1) – 20188 രൂപ

3. TVM/ITBG/PI/RC/27665/20-21 തി. 05.07.2021 - A4 ഷീറ്റ് സ്കാനർ (1) – 24562 രൂപ

എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായില്ല. ഉപകരണങ്ങൾ ലഭ്യമാവാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/2019-20 തി. 29.12.2021) ലഭ്യമാക്കിയ മറുപടിയിൽ ഇമെയിൽ വഴിയും, ഹെൽപ് ഡെസക് വഴിയും കെൽട്രോണിനെ ബന്ധപ്പെട്ടിട്ടുണ്ട് എന്നും, പ്രിന്റർ ലഭിച്ചിട്ടുണ്ട് എന്നും പരാമർശിച്ചിട്ടുണ്ട്. ലഭ്യമായ പ്രിന്റർ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതും, മറ്റു ഉപകരണങ്ങൾ ലഭ്യമാവുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യക്കേണ്ടതുമാണ്. ചെലവ് തുക 87260/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-33 പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല

സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O (Rt) No.288/14/I&PRD Dated: 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ നഗരസഭ നൽകിയ ചുവടെ ചേർക്കുന്ന പരസ്യ ചാർജുകളിൽ സ്ഥാപനത്തിന് ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പത്രത്തിന്റെ പേര് (പരസ്യം നൽകിയ തിയ്യതി) | വിഷയം | പരസ്യ ചാർജ് | ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് 15% |
|---|---|---|---|---|
| 21900120/06.05.2019 | മാതൃഭൂമി ദിനപത്രം (11.12.2018) | LED വിളക്കുകൾ സ്ഥാപിക്കൽ - ടെണ്ടർ പരസ്യം | 45600 | 6840 |
| 21900518/19.07.2019 | മാതൃഭൂമി ദിനപത്രം (17.02.2019) | ലേലം പരസ്യ ചാർജ് | 25920 | 3888 |
| | മാതൃഭൂമി ദിനപത്രം (09.03.2019) | പുനർ ലേലം പരസ്യ ചാർജ് | 9600 | 1440 |
| 21900657/24.08.2019 | മാതൃഭൂമി ദിനപത്രം (30.03.2019) | കുടിവെള്ള ചാർജ് - ക്വട്ടേഷൻ പരസ്യ ചാർജ് | 9600 | 1440 |
| 21900658/24.08.2019 | മാതൃഭൂമി ദിനപത്രം (30.03.2019) | ബസ് സ്റ്റാന്റ് ഫീ കളക്ഷൻ - പുനർ ലേലം പരസ്യ ചാർജ് | 7680 | 1152 |
| 21900659/24.08.2019 | മാതൃഭൂമി ദിനപത്രം (08.06.2019) | ഇൻസിനറേറ്റർ അറ്റകുറ്റപ്പണി - ക്വട്ടേഷൻ പരസ്യ ചാർജ് | 10200 | 1530 |
| | മാതൃഭൂമി ദിനപത്രം (08.06.2019) | ഇൻസിനറേറ്റർ അറ്റകുറ്റപ്പണി - ക്വട്ടേഷൻ പരസ്യ ചാർജ് | 8160 | 1224 |
| 21900791/27.09.2019 | മാതൃഭൂമി ദിനപത്രം (08.06.2019) | ഷോപ്പിംഗ് റൂം ലേലം - ക്വട്ടേഷൻ പരസ്യ ചാർജ് | 11520 | 1728 |
| ആകെ | | | 128280 | 19242 |

പരാമർശ കാലയളവിൽ പരസ്യം നൽകിയ ചന്ദ്രിക, ദേശാഭിമാനി, മലയാള മനോരമ എന്നീ പത്രങ്ങളിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമായിട്ടുണ്ട് എന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/2019-20 തി. 22.12.2021) ലഭ്യമാക്കിയ മറുപടിയിൽ ഡിസ്കൗണ്ട് ഇനത്തിൽ ലഭ്യമാവേണ്ട 19242 രൂപ ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക | ചെലവ് വിശദാംശം |
|---|---|---|---|
| 267/20 | സി എച്ച് ഓഡിറ്റോറിയം സീലിംഗ് നവീകരണം | 1490000 | വൗച്ചർ നമ്പർ/തിയ്യതി : 21900524/01.06.2019 |
| 269/20 | വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ - കല്ലറമ്പ് ടവർ ഭാഗം 3 ഫേസ് ആക്കൽ | 90152 | വൗച്ചർ നമ്പർ/തിയ്യതി : 21900485/01.06.2019 |
| 299/20 | കേരള വാട്ടർ അതോറിറ്റിക്ക് പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | 232131 | വൗച്ചർ നമ്പർ/തിയ്യതി : 21900474/17.04.2019 |
| 572 | നഗരസഭയിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും | 390205 | വൗച്ചർ നമ്പർ/തിയ്യതി : 21901464/14.02.2020 |
| ആകെ | | 2202488 | |

രേഖകൾ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/2019-20 തി. 31.12.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 22,02,488 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-35 ജെൻ്റർ റിസോഴ്സ് സെൻ്റർ അപാകത സംബന്ധിച്ച

നിർവഹണം ഐ.സി.ഡി എസ്. സൂപ്പർ വൈസർ

പ്രൊജക്ട് നം : 133/2019-20

പ്രൊജക്ടിന്റെ പേര് :ജെൻ്റർ റിസോഴ്സ് സെൻ്റർ

അടങ്കൽ :277280 (പ്ലാൻ)

ആകെ ചെലവ് :171250/-

ബിൽ നം&.തീയതി- 12/20.7.19 തുക-28750/
13/04.06.19 തുക – 18750/-

14/6.5.19 തുക-57550/-

16/21.10.19 തുക-28750/-

17/10.1.20 തുക-18750/-

18/10.1.20 തുക-18750/-

തദ്ദേശസ്വയം ഭരണവകുപ്പിന്റെ 14.2.2018 തീയതിയിലെ 12/18 നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.4.2പ്രകാരം ജെൻ്റർ റിസോഴ്സ് പ്രവർത്തനങ്ങൾക്കും ജാഗ്രതാസമിതി പ്രവർത്തനങ്ങൾക്കും കൂടി കരാറടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കാവുന്നതാണ് എന്നും ഇവർക്ക്15000 രൂപയിൽ അധികരിക്കാതെ പ്രതിമാസവേതനം നൽകാവുന്നതാണ് എന്നും പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ളതാണ്.എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹിച്ച ജെൻ്റർ റിസോഴ്സ് സെൻ്റർ എന്ന പദ്ധതിയിലുൾപ്പെടുത്തി ജെൻ്റർ റിസോഴ്സ്സെൻ്റർ ജാഗ്രതാസമിതി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി രണ്ടു വനിതകളെ നിയോഗിച്ചിട്ടുണ്ട്.

മാർഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവു ചെയ്തതിന് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/29.12.21(2019-20)) മറുപടി നൽകിയിട്ടില്ല. (വിശദവിവരം ഖണ്ഡിക 3-1ആയി ചേർത്തിട്ടുണ്ട്.)

## 1-36 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ പണം നൽകിയെങ്കിലും പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക 4053373 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 268/20- നഗരസഭയിലെ വിവിധ | 3/05.04.2019<br>4/05.04.2019<br>5/05.04.2019 | 448842<br>351994<br>385506 | | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ | 0 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 6/05.04.2019 7/05.04.2019 | 319308 2070546 | | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | |
| കേരള ഭൂഗർഭ ജല വകുപ്പ് | 286/20 അംഗനവാടികളിൽ കുഴൽ കിണർ നിർമ്മാണം | 17/05.04.2019 (387025) | 387025 | | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 0 |
| കെ.എസ്.ഇ.ബി. | 269/20 വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കല്ലറമ്പ് ടവർ ഭാഗം 3 ഫേസ് ആക്കൽ | 2/05.04.2019 (90152) | 90152 | | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 0 |
| | ആകെ | | 4053373 | | | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജെന്റർ റിസോഴ്സ് സെറ്റർ മാർരേഖയ്ക്കു വിരുദ്ധമായി അധികം വേതനം നൽകി

നിർവഹണം ഐ.സി.ഡി എസ്. സൂപ്പർ വൈസർ

പ്രൊജക്റ്റ് നം : 133/2019-20

പ്രൊജക്ടിന്റെ പേര് :ജെന്റർ റിസോഴ്സ് സെറ്റർ

അടങ്കൽ :277280 (പ്ലാൻ)

ആകെ ചെലവ് :171250/-

ബിൽ നം&.തീയതി- 12/20.7.19 തുക-28750/
13/04.06.19 തുക-18750/-

14/6.5.19 തുക-57500/-

16/21.10.19 തുക-28750/-

17/10.1.20 തുക-18750/-

18/10.1.20 തുക-18750/-

തദ്ദേശസ്വയം ഭരണവകുപ്പിന്റെ 14.2.2018 തീയതിയിലെ 12/18 നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.4.2പ്രകാരം ജെന്റർ റിസോഴ്സ് പ്രവർത്തനങ്ങൾക്കും ജാഗ്രതാസമിതി പ്രവർത്തനങ്ങൾക്കും കൂടി കരാറടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിയ്ക്കാവുന്നതാണ് എന്നും ഇവർക്ക്15000 രൂപയിൽ അധികരിയ്ക്കാതെ പ്രതിമാസവേതനം നൽകാവുന്നതാണ് എന്നും പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ളതാണ്.എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹിച്ച ജെന്റർ റിസോഴ്സ് സെറ്റർ എന്ന പദ്ധതിയിലുൾപ്പെടുത്തി ജെന്റർ റിസോഴ്സ്സെറ്റർ ജാഗ്രതാസമിതി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം രണ്ടു വനിതകളെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| പേര് | ഉദ്യോഗപ്പേര് | നൽകിയ മാസവേതനം | ആകെ |
|---|---|---|---|
| കീർത്തന രാജീവ് | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ | 18750 X7 | 131250 |
| ബാസില കെ.ടി.പി | ജാഗ്രതാസമിതി കോഓർഡിനേററർ | 10000 X 4 | 40000 |
| ആകെ | | | 171250 |

മാർഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവു ചെയ്തതിന് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/29.12.21(2019-20)) മറുപടി നൽകിയിട്ടില്ല മറുപടിയടെ അഭാവത്തിൽ ചെലവു തുക ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-2 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം - കൺവീനർക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ 303472 രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ ക്ലാസ്സ് റൂം നിർമ്മാണം<br>പ്രൊജക്ട് നമ്പർ- 390/20<br>കൺവീനർ- ശ്രീമതി. വനജ.എം, പ്രിൻസിപ്പാൾ ,ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടക്കൽ<br>TS- 950000<br>കരാർ 48/16.11.2018<br>അളവ് പുസ്തകം 48/18-19<br>ആകെ മൂല്യ നിർണ്ണയം -8,93,014<br>ചെക്ക് നമ്പർ- 2987005/22.8.2019- 893,014 രൂപ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 44651 |
| 2 | മുളിയൻകൊട്ട മൈലാടി മരവട്ടം റോഡ് പുനരുദ്ധാരണം<br>പ്രൊജക്ട് നമ്പർ- 235/19<br>TS- 499500<br>കൺവീനർ- ശ്രീ. അബ്ദുറഹ്മാൻ കുണ്ടിൽ<br>കരാർ 20/23.01.2017<br>അളവ് പുസ്തകം 240/15-16<br>ആകെ മൂല്യ നിർണ്ണയം 435328<br>ചെക്ക് നമ്പർ- 2987639/4.3.2020<br>കോസ്റ്റ് ഇൻഡക്സ് 36.19%, 2014 DSR | 21766 |
| 3 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ റൂമുകളുടെ റിപ്പയറിംഗ് പ്രവൃത്തികൾ<br>പ്രോജക്ട് നമ്പർ- 349/20<br>കൺവീനർ ശ്രീ. മോഹനൻ. പി.ഡി. ഹെഡ്മാസ്റ്റർ, ഗവ. രാജാസ് ഹൈസ്കൂൾ ,കോട്ടക്കൽ<br>TS- 1490000<br>കരാർ 72/19.2.2018<br>അളവ് പുസ്തകം - 148/18-19<br>ഫസ്റ്റ് പാർട്ട് ബിൽ 668966 (2017-18 ൽ നൽകിയത്)<br>ഫൈനൽ ബിൽ 810491 (ചെക്ക് നമ്പർ- 621/ /22.1.2020) | 73973 |

| | | |
|---|---|---|
| | ആകെ മൂല്യ നിർണ്ണയം 1479457<br>കോസ്റ്റ് ഇൻഡക്സ് 37.25% | |
| 4 | ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ വനിതകൾക്കായി ടോയ് ലറ്റ് കോംപ്ലക്സ്<br>കൺവീനർ- ശ്രീമതി വനജ. ഇ.എൻ, പ്രിൻസിപ്പാൾ, ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ ,കോട്ടക്കൽ<br>പ്രൊജക്ട് നമ്പർ- 310/20 (സ്പിൽഓവർ)<br>TS- 1490000<br>കരാർ- 107/2017-18,തി-17.3.2018<br>അളവ് പുസ്തകം -107/17-18, 107A/17-18<br>ആകെ മൂല്യ നിർണ്ണയം -1241654<br>ബിൽ നമ്പർ- 18/7.9.2019<br>കോസ്റ്റ് ഇൻഡക്സ് 37.25% | 62083 |
| 5 | GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് (305/20)<br>കൺവീനർ .ശ്രീ. ഉമ്മർകുട്ടി (ഹെഡ് മാസ്റ്റർ)<br>കരാർ 69/19.2.2018<br>അളവ് പുസ്തകം 69/17-18 തീയ്യതി 19.2.2018<br>ചെക്ക് 2829673/31.3.2020 തുക 459020<br>ആകെ പ്രവൃത്തി മൂല്യം 959020 (500000 രൂപ MGNR ഫണ്ട് ലഭ്യമല്ലാത്തതിനാൽ നൽകിയിട്ടില്ല)<br>കോസ്റ്റ് ഇൻഡക്സ് 37.25% | 22951 |
| 6 | രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ക്സ് നിർമ്മാണം (394/20)<br>കൺവീനർ .ശ്രീമതി ലത (ഹെഡ് മിസ്ട്രസ്)<br>കരാർ 73/14.3.2018<br>അളവ് പുസ്തകം 73/17-18, 73A/17-18<br>ഒന്നാം പാർട്ട് ബിൽ (2018-19 ൽ നൽകിയത്) തുക 362839<br>ബിൽ 191517470014004136669/5.8.2019 തുക 752927<br>1115766<br>കോസ്റ്റ് ഇൻഡക്സ് 37.25% | 55788 |
| 7 | ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20)<br>കൺവീനർ ശ്രീ.അബ്ദു.ടി<br>കരാർ 95A/12.12.2019<br>അളവ് പുസ്തകം 95A/17-8<br>ചെക്ക് 309962/23.7.2019<br>തുക 185200<br>കോസ്റ്റ് ഇൻഡക്സ് 36.19% | 9260 |
| 8 | GLP സ്കൂൾ സ്റ്റേജ് നിർമ്മാണം (479/20)<br>കൺവീനർ ശ്രീ.ജോർജ് കുട്ടി, ഹെഡ്മാസ്റ്റർ GLPസ്കൂൾ കോട്ടക്കൽ<br>കരാർ 32/12.12.2019 അളവ് പുസ്തകം 32/19-20<br>ചെക്ക് 2829673/31.3.2020 തുക 260000<br>കോസ്റ്റ് ഇൻഡക്സ് 31.06% | 13000 |

| | | |
|---|---|---|
| | ആകെ | 303472 |

ഓഡിറ്റ് എൻക്വയറി 18/19-20/28.12.2021, 23/19-20/30.12.2021, 7/19-20/20.12.2021, എന്നിവ നൽകിയതിന് തുക കൺവീനറിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ 303472 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 ഹോമിയോ ആശുപത്രി നവീകരണം - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രി നവീകരണം (190/20) എന്ന പദ്ധതി നഗരസഭ എഞ്ചിനീയുടെ സാന്നിധ്യത്തിൽ 29.12.2021 ന് നേരിൽ പരിശോധന നടത്തിയപ്പോൾ - മേൽക്കൂരയിൽ ഷീറ്റ് മേയുന്നതിന് വേണ്ടി സ്റ്റീൽ വർക്ക് ചെയ്തതിന് അളവ് പുസ്തകം പേജ് 8 ൽ രേഖപ്പെടുത്തിയ 1*12m റെക്ടാംഗുലർ പൈപ്പ് കാണാനായില്ല. സ്ഥല പരിശോധന റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ അധികം അധികം നൽകിയ 4123 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക |
|---|---|---|
| ഹോമിയോ ആശുപത്രി നവീകരണം (190/20)<br>കരാറുകാരൻ ശ്രീ. സിറാജുദ്ധീൻ.പി.പി<br>കരാർ 31/21.12.2019<br>അളവ് പുസ്തകം 31/19-20<br>ബിൽ 1915174700140118695 1/31.1.20 തുക 100000<br>ചെക്ക് 307756/24.2.2020 തുക 99868<br>കോസ്റ്റ് ഇൻഡക്സ് 31.06% | 36.6Kg<br>(1*12m*3.05kg/M)<br>80*40mm പൈപ്പ് കോമൺറാഫ്റ്റർ | 4123<br>@112.65/Kg<br>(DSR 10.25.2) |

തുക തിരിച്ചടവാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/19-20/30.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഈ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1(1).അളവ് പുസ്തകത്തിൽ തെറ്റായ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20) എന്ന പ്രവൃത്തി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 29.12.21 ന് നേരിൽ പരിശോധന നടത്തി. ചുവടെ കാണിച്ച പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല/അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള അളവുകൾ ചെയ്തിട്ടില്ല എന്ന് പരിശോധയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ1 | ഇനം, അളവ് | നൽകിയത് | പ്രവൃത്തി ചെയ്തത്/ നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| 1 | എക്സ്ട്ര ഇനം 1 സെന്ററിങ്<br>$0.95m^2$ | 238<br>$@250.1m^2$ | ചെയ്തില്ല | 238 |
| 2 | എക്സ്ട്ര ഇനം 2<br>കോൺക്രീറ്റിങ് $0.559m^3$ | 3890<br>$@6959.04m^3$ | ,, | 3890 |
| 3 | ഇനം 8 സെന്ററിങ്<br>$2.53m^2$ | 1552<br>@422.85<br>3.67 | 1070<br>$2.53m^2$ | 482 |
| 4 | ഇനം 5<br>ഡ്രൈറബ്ൾ മേസനറി<br>$8.44m^3$ | 27862<br>@2700.65<br>$10.75m^3$ | 22793<br>$8.44m^3$ | 4889 |

| | |
|---|---|
| ആകെ | 9499 |

1(2) മറ്റ് അപാകതകൾ

A. കുടിവെള്ള പദ്ധതി ടാങ്കിലേക്ക് പമ്പിങ് മെയിൻ പൈപ്പ് സ്ഥാപിച്ചതായി കാണുന്നില്ല.

B.കുടിവെള്ള പദ്ധതി ടാങ്കിൽ നിന്ന് വിതരണ ലൈൻ പൈപ്പ് പോകുന്നതായി കാണുന്നില്ല.

C. കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതായി കാണുന്നില്ല. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി 93687 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണത്തിനായി KSEBയിൽ തുക അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

D. കുടിവെള്ള പദ്ധതിയുടെ സ്വിച്ച് ബോർഡ്, സ്റ്റാർട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയും പരിശോധനയിൽ കണ്ടെത്താനായില്ല.

E. കുടിവെള്ള പദ്ധതിയുടെ മോട്ടോർ മറ്റെന്തെങ്കിലും പദ്ധതിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

കുടിവെള്ള പദ്ധതി നാളിത്‌വരെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് മുകളിൽ പരാമർശിച്ച അപാകതകളിൽ നിന്ന് മനസ്സിലാവുന്നു. പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.GI പൈപ്പ് ഫിറ്റിങ് - അധിക നിരക്കിൽ തുക നൽകി

ഈ പ്രവൃത്തിയുടെ ഇനം 1ആയി 144 മീറ്റർ നീളത്തിൽ 40mm GI പൈപ്പ് സ്ഥാപിച്ചതിന് 3425.40/m നിരക്കിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് 361.18/m നിരക്കാണ് നൽകാവുന്നത്. GI പൈപ്പ് സ്ഥാപിക്കുന്നത് ഭൂനിരപ്പിന് മുകളിൽ ആയതിനാൽ ഈ ഇനത്തിന് നൽകാവുന്ന DSR 18.12.5 കോഡ് പ്രകാരമുള്ള നിരക്കിൽ നിന്ന് ട്രഞ്ചിങ് & റീഫില്ലിങ് പ്രവൃത്തികൾക്കുള്ള നിരക്ക് കുറവ് ചെയ്താണ് ഈ പ്രവൃത്തിയിൽ നിരക്ക് നൽകേണ്ടിയിരുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

4. ഡ്രൈറബ്ൾ മേസനറിക്ക് അധിക നിരക്ക് നൽകി.

ഈ പ്രവൃത്തിയുടെ ഇനം 5 ആയി ഡ്രൈറബ്ൾ മേസനറി ചെയ്തതിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.7.1.1 പ്രകാരമുള്ള 2700.65/$m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. അപ്രകാരമുള്ള ഡാറ്റ 60.7.1 ആയി പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യവുമാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ആമപ്പാറ ചുള്ളിക്കാട് കുടിവെള്ള പദ്ധതി സ്ഥാപിക്കൽ (300/20)<br>കൺവീനർ ശ്രീ.അബ്ദു.ടി<br>കരാർ 95A/12.12.2019<br>അളവ് പുസ്തകം 95A/17-8<br>ചെക്ക് 309962/23.7.2019<br>തുക 185200<br>കോസ്റ്റ് ഇൻഡക്സ് 36.19% | ഡ്രൈറബ്ൾ മേസനറി 13.60$m^3$ | 36729 @2700.65/$m^3$ | 32700 @2404.40/$m^3$ | 4029 |
| | GI പൈപ്പ് ഫിറ്റിങ് 144M | 61258 @425.40/M | 52010 @361.18/M | 9248 |
| ആകെ | | | | 13277 |

ഓഡിറ്റ് എൻക്വയറി 23 /19-20/30.12.2021, ഓഡിറ്റ് എൻക്വയറി 8/19-20/24.12.2021 എന്നിവ നൽകിയതിന് -അധിക തുക ഈടാക്കുന്നതുൾപെടെയുള്ള അപാകതകൾ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 1(1) പ്രകാരം അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ക്രമ നമ്പർ 3, 4 പ്രകാരം അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ് പ്രവൃത്തി - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GMUP സ്കൂളിൽ ചുറ്റുമതിൽ, ഇന്റർലോക്ക്, പെയിന്റിങ്

(305/20) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1. RR മേസനറി - അധിക നിരക്ക് നൽകി

ഈ പ്രവൃത്തിയുടെ ഇനം 3 ആയി ചുറ്റമതിൽ നിർമ്മിക്കുന്നതിനായി RR മേസനറി ചെയ്തതിന് $5088.14/m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്കിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. സെന്ററിങ് പ്രവൃത്തിക്ക് തെറ്റായ ഡാറ്റ പ്രകാരം തുക നൽകി

ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 1 ആയി കോൺക്രീറ്റ് ചുറ്റമതിലിന്റെ ഫൂട്ടിങ്ങിനായി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ചുറ്റമതിലിന്റെ നീളത്തിൽ കേവലം 0.30cm ഉയരത്തിൽ ഫൂട്ടിങ് പ്രവൃത്തി ചെയ്യുന്നതിന് ഫൗണ്ടേഷൻ, ഫൂട്ടിങ് പ്രവൃത്തികൾക്ക് ബാധകമായ DSR 4.3.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. ഈ പ്രവൃത്തിയുടെ ഇനം എക്സ്ട്ര3 ആയി നിലവിലുള്ള ചുറ്റമതിൽ പൊളിച്ച് നീക്കുന്നതിന് DSR 15.9.2പ്രകാരമുള്ള നിരക്കാണ് നൽകിയത്. ഇവിടെ പൊളിച്ച് നീക്കിയത് ഡ്രൈ റബ്ൾ മേസനറി ആണെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരിങ്കല്ലിന്റെ പടവ് (Demolishing Dry Rubble Masonary) പൊളിച്ച് നീക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉള്ള ഡാറ്റ 60.7.3 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>പ്രവൃത്തി</th><th>ഇനം/അളവ്</th><th>നൽകിയ തുക</th><th>നൽകാവുന്ന തുക</th><th>അധികം</th></tr>
<tr><td rowspan="3">GMUP സ്കൂളിൽ ചുറ്റമതിൽ, ഇന്റർലോക്ക്, പെയിന്റിങ് (305/20)<br>കൺവീനർ .ശ്രീ. ഉമ്മർകുട്ടി (ഹെഡ് മാസ്റ്റർ)<br>കരാർ 69/19.2.2018<br>അളവ് പുസ്തകം 69/17-18 തീയ്യതി 19.2.2018<br>ചെക്ക് 2829673/31.3.2020 തുക 459020<br>കോസ്റ്റ് ഇൻഡക്സ് 37.25%</td><td>1.ഫൂട്ടിങ്. സെന്ററിങ്<br>$20.763m^2$</td><td>10302<br>$@496.19/m^2$<br>(DSR 4.3.2)</td><td>5167<br>$@248.84/m^2$<br>(DSR 4.3.1)</td><td>5135</td></tr>
<tr><td>എക്സ്ട്ര3. ഡിമോളിഷിങ് സ്റ്റോൺ റബ്ൾ മേസനറി<br>$15.160m^3$</td><td>19982<br>$@1318.070/m^3$</td><td>5820<br>$@383.87/m^3$<br>OD 60.7.3</td><td>14162</td></tr>
<tr><td>3.RR മേസനറി<br>52.219 $M^3$</td><td>265698<br>$@5088.14/m^3$<br>(DSR 7.1.1)</td><td>259539<br>$@4970.21/m^3$</td><td>6159</td></tr>
<tr><td colspan="4">ആകെ</td><td>25456</td></tr>
</table>

ഓഡിറ്റ് എൻക്വയറി 21 /19-20/30.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ/ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ/മേൽ പരിശോധന നടത്തിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം - സെന്ററിങ് പ്രവൃത്തിക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (394/20) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1.സെന്ററിങ് പ്രവൃത്തിക്ക് അധിക തുക നൽകി

ഈ പ്രവൃത്തിയുടെ ഇനം 12 ആയി സൺഷെയ്ഡ് കോൺക്രീറ്റിന് വേണ്ടി സെന്ററിങ് പ്രവൃത്തി ചെയ്തതിന് $18.39m^2$ ന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് $13.09m^2$ മാത്രമാണ്. അളവ് പുസ്തകത്തിൽ ഈ പ്രവൃത്തിയുടെ തൊട്ട് മുമ്പ് രേഖപ്പെടുത്തിയ ഇനം 13 സെന്ററിങ് പ്രവൃത്തിയുടെ അളവ് തെറ്റായി ഇനം 12 പ്രവൃത്തിയുമായി കൂട്ടിയത് വഴിയാണ് അപാകത സംഭവിച്ചത്.

2. സെന്ററിങ് പ്രവൃത്തിക്ക് തെറ്റായ ഡാറ്റ പ്രകാരം തുക നൽകി

ഈ പ്രവൃത്തിയുടെ ഇനം 8 ആയി കോളം (6 എണ്ണം) ഫൂട്ടിങ് കോൺക്രീറ്റിന് വേണ്ടി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ഈ നിരക്ക് കോളം (Column) പ്രവൃത്തിക്കുള്ള നിരക്കാണ്. എന്നാൽ ഇവിടെ 1.10 നീളം 1.10

വീതിയിൽ കോളം - ന്റെ അടിയിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിന് 5.9.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം/അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| രാജാസ് സ്കൂളിൽ 'ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (394/20)<br>കൺവീനർ .ശ്രീമതി ലത (ഹെഡ് മിസ്ട്രസ്)<br>കരാർ 73/14.3.2018<br>അളവ് പുസ്തകം 73/17-18, 73A/17-18<br>ഒന്നാം പാർട്ട് ബിൽ (2018-19 ൽ നൽകിയത്)<br>തുക 362839<br>ബിൽ 19151747001400413669/5.8.2019 തുക 752927<br>കോസ്റ്റ് ഇൻഡക്സ് 37.25% | കോളം ഫൂട്ടിങ്. സെന്ററിങ്<br>6.60m$^2$<br>(6*4*1.10*0.25) | 3962<br>@600.25/m$^2$<br>(DSR 5.9.6) | 1642<br>@248.84/m$^2$<br>(DSR 5.9.1) | 2320 |
| | സൺഷൈഡ് കോൺക്രീറ്റ്, സെന്ററിങ്<br>13.09 M$^2$ | 9964<br>@541.81.<br>18.39m$^2$ | 7092<br>@541.81.<br>13.09m$^2$ | 2872 |
| ആകെ | | | | 5192 |

3. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ 5.8.2019 ന് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവ് പുസ്തകം 73A/17-18 പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി 18 /19-20/28.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ/ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ/മേൽ പരിശോധന നടത്തിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 17.12.2021 മുതൽ 31.12.2021 വരെ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 268/20- | 3/05.04.2019 | | 3576196 | പ്രവൃത്തി | 0 |

| | | | | | | |
|---|---|---|---|---|---|---|
| | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | (448842) 4/05.04.2019 (351994) 5/05.04.2019 (385506) 6/05.04.2019 (319308) 7/05.04.2019 (2070546) | | | പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | |
| കെ.എസ്.ഇ.ബി | 269/20വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കല്ലറമ്പ് ടവർ ഭാഗം 3 ഫേസ് ആക്കൽ | 2/05.04.2019 (90152) | | 90152 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 0 |
| കേരള ഭൂഗർഭ ജല വകുപ്പ് | 286/20-അംഗനവാടികളിൽ കുഴൽ കിണർ നിർമ്മാണം | 17/05.04.2019 (387025) | | 387025 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 0 |
| | ആകെ | | | 4053373 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം | യു.എൽ സി സി എസ്, കോഴിക്കോട് | 90/1-20/ 18.01.2020 | 7500000 | - | 7500000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 2 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം | യു.എൽ സി സി എസ്, കോഴിക്കോട് | 91/1-20/ 18.01.2020 | 12500000 | - | 12500000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |

## 4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം. 2019-20

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവനശ്രീ. | ലഭ്യമല്ല | | 15400000 | 3200000 | | 12200000 |
| 2 | കെ.യു.ആർ ഡി എഫ് സി - പി എം എ വൈ | | | 9600000 | 2173333 | | 12426667 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 24636110 |
| തൻവർഷം നിക്ഷേപിച്ച തുക | 1344365 |
| ആകെ | 25980475 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ----- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 25980475 |

| | തുക | രശീതി നം. |
|---|---|---|

| | | |
|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് | 493352 | 3568/13.12.19 |
| കോട്ടക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 504906 | 13427/30.12.19 |
| കോട്ടക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(വനിതാ ശാഖ) | 600583 | 12317/22.09.19 |
| കേരള ഗ്രാമീണ ബാങ്ക് | 399061 | 50009/25.01.20 |
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക്(മെയിൻ ശാഖ) | 561444 | 58135/02.11.2019 |
| മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 482504 | 520050/28.03.2020 |
| മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 455580 | 520014/26.03.2020 |
| ട്രഷറി സേവിംഗ് ബാങ്ക്, കോട്ടക്കൽ | 5521221 | 934649/23.11.19 |
| ട്രഷറി സേവിംഗ് ബാങ്ക്, കോട്ടക്കൽ | 679366 | 934744/25.11.19 |
| കോട്ടക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 4201837 | 13751/15.05.20 |
| കോട്ടക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 4201837 | 13750/15.05.20 |
| കോട്ടക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3068070 | 13483/30.12.19 |
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക്(ടൌൺവനിതാ ശാഖ) | 2804714 | 12318/24.02.20 |
| ക്ലീൻ കേരള മിഷൻ | 2006000 | 025/26.05.14 |
| ആകെ | 25980475 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 27000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|---|
| 2017-18 | 3(1) | 27000 | ശ്രീമതി. ഷീബ ഒ, സീനിയർ ടൈപ്പിസ്റ്റ് | 41900132/30.07.19<br>41900153/02.09.19<br>41900178/28.09.2019<br>41900212/30.10.19<br>41900231/30.11.19<br>41900259/31.12.19<br>41900278/31.01.20<br>41900300/29.02.20<br>41900325/30.03.20 | 3000രൂപ<br>3000രൂപ<br>3000രൂപ<br>3000രൂപ<br>3000രൂപ<br>3000രൂപ<br>3000രൂപ<br>3000രൂപ<br>3000രൂപ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 37(3)(a) | 2002-03 | --- | പത്രം പരസ്യം 15160/-രൂപ അധിക തുക നല്കി | നടപടി തുടരുന്നു |
| | | | | | |
| 2002-03 | 18 | 2005-06 | --- | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് അധിക തുക നല്കി | നടപടി തുടരുന്നു |
| 2007-08 | 3(33),3-29,3-32 | 2010-11 | | സ്റ്റേഡിയം നിർമ്മാണം, (ഭൂമി), കടി വെള്ളപദ്ധതി,പേപ്പർ ബാഗ് യൂണിറ്റ് | നടപടി തുടരുന്നു |
| 2010-11, 2011-12, 2012-13 | 3-1,3-38,3-39 | 2013-14 | | ലഘുഅവലോകനം(പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു |
| 2016-17 | 2(4)2 | 2017-18 | | വസ്തു നികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകൾ | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2004-05 | 2-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/ Spl.cell/SC/D1/12 14.12.2012 | 46850 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |
| 2 | 2006-07 | 2-1 | എം ശിവശങ്കരൻ | LF 7325/spl.cell /SCD1/12.dt.12.09.14 (ചാർജ്) | 41952 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 2006-07 | 2-4<br>2-11 | കെ സോമസുന്ദരൻ | LF 8588/spl.cell /CSC/D1 /12.dt.14.07.14 (ചാർജ്) | 4920 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1998-99 | 58pt. | പി കെ ബാബു സെക്രട്ടറി | LF 20573/spl.cell /SC3/00.dt.06.03.03 | 2521 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1998-99 | 58pt. | കെ മുഹമ്മദ് അഷ്റഫ് | LF 20573/spl.cell /SC3/00.dt.06.03.03 | 241668 | കോടതിയിൽ കേസ് നടന്നു വരുന്നു. |
| 3 | 2003-04 | 3-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/spl.cell /SC5/10.dt.15.12.10 | 13,500 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 4 | 2003-04 | 3-14 | കെ എസ് ശശികല ,ഹെഡ്ക്ലർക്ക് | LF 1857/spl.cell /SC5/10.dt.15.12.10 | 2240 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 5 | 2004-05 | 3-20(2)<br>3-21<br>3-23 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/spl.cell /SCD1/12.dt.14.12.12 | 33461 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 6 | 2006-07 | 3-5(2)<br>3-8 | കെ സോമസുന്ദരൻ | LF 7325/spl.cell /SCD1/12.dt.09.07.12 | 241007 | തുക അടവാക്കാൻ |

| | | | | | | |
|---|---|---|---|---|---|---|
| | | 3-12<br>3-15 | | | | അവശേഷിയ്ക്കുന്നു. |
| 7 | 2006-07 | 3-11 | എം പി നന്ദകുമാർ സെക്രട്ടറി | LF 7325/spl.cell /SCD1/12.dt.09.07.12 | 178655 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 8 | 2007-08 | 3-5<br>3-12<br>3-13<br>3-14<br>3-21<br>3-22<br>3-31<br>3-34(5) | കെ സോമസുന്ദരൻ | LF 8588/spl.cell /SCD1/12.dt.14.02.14 | 1345621 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 9 | 2005-06 | 3-19pt. | എം പി നന്ദകുമാർ സെക്രട്ടറി | LF 4100/spl.cell3 /SC5/10.dt.10.09.12 | 137146 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 10 | 2003-04 | 2-2 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/ Spl.cell/SC5/10 15.12.10 12778 | 12778 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| | | | | | | |
| 12 | 2006-07 | 2-1 | എം.ശിവശങ്കരൻ സെക്രട്ടറി | LF 7325/ Spl.cell/SCD1/12 12.09.14 | 41952 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |
| 13 | 2007-08 | 2-4,2-11 | കെ സോമസുന്ദരൻ | LF 8588/ Spl.cell/CSC/D1/12 14.7.14 - | 4920 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻ ബാക്കി ഉൾപ്പെടെ) | : 299473955.97 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 229460441 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 532269 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2,00,57,859 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 171250 | ശ്രീമതി.ബിന്ദു.ടി എൻ, ഐ.സി ഡി എസ് സൂപ്പർവൈസർ |
| 3-2 | 303472 | ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 4123 | ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 22776 | 3-4 (1)Rs. 9499 ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ<br>3-4(3),(4) Rs. 6639 ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ, Rs. 6638 ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ |
| 3-5 | 25456 | Rs.12728 ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനീയർ, Rs.12728 ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ |
| 3-6 | 5192 | Rs2596 ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ, Rs.2596 ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ |
| ആകെ | 532269 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 89,44,313 | ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 1-24 | 92,834 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| | 69,875 | ശ്രീമതി.ജൂബി കൃഷ്ണൻ ടി, സെക്രട്ടറി ഇൻ ചാർജ് ,കോട്ടക്കൽ നഗരസഭ |
| | 3,63,139 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| 1-25 | 40,99,230 | ശ്രീമതി. വനജ ഇ എൻ, പ്രിൻസിപ്പാൾ ഗവ: രാജാസ് എച്ച്.എസ്.എസ്, കോട്ടക്കൽ |
| 1-29 | 47,240 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| | 98,107 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| 1-32 | 87,260 | ശ്രീ. മുജീബ് റഹിമാൻ കെ പി, സീനിയർ വെറ്ററിനറി സർജൻ |
| 1-34 | 18,12,283 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| | 3,90,205 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| 1-36 | 36,66,348 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി കോട്ടക്കൽ നഗരസഭ |
| | 3,87,025 | ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| | 2,00,57,859 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സ തുകക്ക് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനിമോൾ പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അരമുറി പറമ്പിൽ, തിരുവോണം, തുരുത്തിക്കര പൈനാംപള്ളി പി.ഒ., മുളംതുരുത്തി. എറണാംകുളം |
| ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ | ആലയിൽ ഹൗസ്, തോക്കാംപാറ, കോട്ടക്കൽ |

| | | |
|---|---|---|
| എഞ്ചനീയർ | | |
| ശ്രീമതി. വനജ ഇ എൻ, | പ്രിൻസിപ്പാൾ ഗവ: രാജാസ് എച്ച്.എസ്.എസ്, കോട്ടക്കൽ | ഇന്ദീവരം, ചെങ്ങോട്ടൂർ,കോട്ടക്കൽ |
| ശ്രീ. മുജീബ് റഹിമാൻ കെ പി, സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ | അല്ലിങ്ങൽതൊടി വീട്, പള്ളിപ്പുറം,മലപ്പുറം |
| ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി കോട്ടക്കൽ നഗരസഭ | സെക്രട്ടറി | സുബ്രഹ്മണ്യം ടി സി, കുറവിക്കാട്, വട്ടിയൂർക്കാവ്. തിരുവനന്തപുരം |
| ശ്രീ. സുഗതകുമാർ എം, സെക്രട്ടറി കോട്ടക്കൽ നഗരസഭ | സെക്രട്ടറി | റിത്ത് ഹൌസ്,12/255 രാമാനാഥപുരം,പാലക്കാട് |
| ശ്രീമതി.ജൂബി കൃഷ്ണൻ ടി, സെക്രട്ടറി ഇൻ ചാർജ് ,കോട്ടക്കൽ നഗരസഭ | സെക്രട്ടറി | രേവതി ഹൌസ്,അരിയല്ലൂർ പോസ്റ്റ്, മലപ്പുറം |
| ശ്രീമതി.ബിന്ദു.ടി എൻ, ഐ.സി ഡി എസ് സൂപ്പർവൈസർ | ഐ.സി ഡി എസ് സൂപ്പർവൈസർ | എടക്കോട്ട് വീട്, ചെറുകുന്ന്, ഒതുക്കുങ്ങൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

നഗരസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | ഓഡിറ്റ് വർഷം | ഈവകുപ്പിൽനിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86<br>86-87<br>87-88 | എൽ എഫ് എം . 18/1294/2010 തി.27.07.2010 | 10 |
| 2 | 1988-89<br>89-90<br>90-91 | എൽ എഫ് എം.14/281/2003 തി.30.01.2003 | 5 |
| 3 | 1991-92 | എൽ എഫ് എം.14/282/2003 തി.30.01.2003 | 3 |
| 4 | 1994-95<br>95-96 | എൽ എഫ് എം.17/1297/2010 തി.27.07.2010 | 14 |
| 5 | 1996-97 | എൽ എഫ് എം. 14/285/03 തി.29.01.03 | 8 |
| 6 | 1997-98 | എൽ എഫ് എം .17/1298/തി.27.07.2010 | 1 |
| 7 | 1998-99 | എൽ എഫ് എം .17/1299/തി.27.07.2010 | 5 |
| 8 | 1999-00 | എൽ എഫ്എം.18/1300/തി.27.07.2010 | 1 |
| 9 | 2000-01 | എൽ എഫ് എം.17//1301/തി.27.07.2010 | 0 |
| 10 | 2001-02 | എൽ എഫ് എം.21/1302 തി.27.07.2010 | 8 |
| 11 | 2002-03 | എൽ എഫ് എം.17/1303 തി.27.07.2010 | 11 |
| 12 | 2003-04 | എൽ എഫ് എം.10/1002/09 തി.06.01.2010 | 6 |
| 13 | 2004 -05 | എൽ എഫ് എം.20/1998/10 തി.2.05.2011 | 31 |

| | | | |
|---|---|---|---|
| 14 | 2005-06 | എൽ എഫ് എം.16/1550/10 തി.2.12.2010 | 9 |
| 15 | 2006-07 | എൽ എഫ് എം.10/1136/09 തി.17.12.2009 | 13 |
| 16 | 2007-08 | എൽ എഫ് എം.11/1137/09 തി.19.12.2009 | 21 |
| 17 | 2008-09 | എൽ എഫ് എം.20/112/12 തി.10.02.2012 | 21 |
| 18 | 2009-10 | എൽ എഫ് എം.20/113/12 തി.10.02.2012 | 27 |
| 19 | 2010-11<br>2011-12<br>2012-13 | എൽ എഫ് എം.20/37/14 തി.14.03.2014 | 55 |
| 20 | 2013-14 | കെ എസ് എ -എം.പി എം 20/1960/2015 തി.10.09.2015 | 32 |
| 21 | 2014-15 | കെ എസ് എ -എം.പി എം 21/344/16 തി.24.05.2016 | 18 |
| 22 | 2015-16 | കെ എസ് എ -എം.പി എം 20/2758/2016 തി.03.05.2018 | 17 |
| 23 | 2016-17 | കെ എസ് എ -എം.പി എം 20/2439/2017 തി.22.03.2018 | 25 |
| 24 | 2017-18 | കെ എസ് എ -എം.പി എം 20/445/2018 തി.28.05.2019 | 29 |
| 25 | 2018-19 | കെ എസ് എ -എം.പി എം 20/212/2020 തി.23.03.2020 | 32 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്